27
മെയ്
ചൊവ്വ 2025
1200 എടവം 13
Vol 07 Issue No 236

# കേരള പ്രണാമം

സത്യം വദഃ ധർമ്മം ചരഃ

`7.50
പേജ് 06
www.keralapranamam.com
infokeralapranamam@gmail.com

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

# കരുവന്നൂരിൽ പാർട്ടിയെ കുരുക്കി ഇ.ഡി കുറ്റപത്രം

## സിപിഎമ്മും,കെ.രാധാകൃഷ്ണനും,എ.സി.മൊയ്തീനും പ്രതികൾ






**കൊച്ചി :**കരുവന്നൂർ ബാങ്ക് വായ്പ തട്ടിപ്പ് കേസിൽ സിപിഎമ്മിനെയും പാർട്ടിയുടെ മൂന്നു മുൻ ജില്ലാ സെക്രട്ടറിമാരെയും പ്രതികളാക്കി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ (ഇ.ഡി) അന്തിമ കുറ്റപത്രം. സിപിഎം തൃശൂർ മുൻ ജില്ലാ സെക്രട്ടറി എ.സി.മൊയ്തീൻ, എം.എം.വർഗീസ്, കെ.രാധാകൃഷ്ണൻ എംപി എന്നിവരുൾപ്പെടെ 27 പേരെ പുതുതായി പ്രതി ചേർത്താണ് അന്വേഷണ ഉദ്യോഗസ്ഥനായ നിർമൽ കുമാർ മോഷ കലൂർ പിഎംഎൽഎ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചത്. ആകെ 83 പേരാണ് കേസിൽ പ്രതിപ്പട്ടികയിലുള്ളത്. കേസിൽ സിപിഎമ്മിനെയും പ്രതി ചേർത്തതോടെ നിലമ്പൂർ ഉപതിരഞ്ഞെടുപ്പിലടക്കം വിഷയം പ്രതിഫലിക്കുമെന്നുറപ്പായി. കരുവന്നൂർ ബാങ്ക് വായ്പാ തട്ടിപ്പിലൂടെ പ്രതികൾ 180 കോടി രൂപ സമ്പാദിച്ചതായി ഇ.ഡി പറയുന്നു. ആകെ 128 കോടി രൂപ പ്രതികളുടെ സ്വത്തുക്കളിൽനിന്ന് ഇ.ഡി കണ്ടുകെട്ടിയിട്ടുണ്ട്. അടുത്തിടെ കെ.രാധാകൃഷ്ണൻ എംപിയെ കേസുമായി ബന്ധപ്പെട്ട് ഇ.ഡി ചോദ്യം ചെയ്ത് രാഷ്ട്രീയ വിവാദങ്ങൾക്കു കാരണമായിരുന്നു. രാധാകൃഷ്ണനെ കേസിൽ സാക്ഷിയാക്കിയേക്കുമെന്നായിരുന്നു പ്രചരണമെങ്കിലും ഇപ്പോൾ 70ാം പ്രതിയാക്കിയാണു കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്. എ.സി.മൊയ്തീൻ 67ാം പ്രതിയും എം.എം.വർഗീസ് 69ാം പ്രതിയുമാണ്. ഇ.ഡി മുൻപു ചോദ്യം ചെയ്ത മുൻ എംപി പി.കെ.ബിജു, കേരള ബാങ്ക് വൈസ് പ്രസിഡന്റ് എം.കെ.കണ്ണൻ തുടങ്ങിയവരെ പ്രതി ചേർത്തിട്ടില്ല. സിപിഎമ്മിനെ കേസിൽ 68ാം പ്രതിയാക്കിയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വടക്കാഞ്ചേരി നഗരസഭാ കൗൺസിലർ മധു അമ്പലപുരം, പാർട്ടിയുടെ വിവിധ ഘടകങ്ങളിൽ പ്രവർത്തിക്കുന്ന എ.ആർ.പീതാംബരൻ, എം.ബി.രാജു, കെ.സി.പ്രേമജൻ എന്നിവരും കേസിൽ പ്രതികളാണ്. കരുവന്നൂർ കേസിനെ മുൻനിർത്തിയുള്ള രാഷ്ട്രീയ തർക്കങ്ങൾക്കൊടുവിലാണു മുതിർന്ന നേതാക്കളെ അടക്കം പ്രതികളാക്കി ഇ.ഡി കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്. നേരത്തെ കേസ് അന്വേഷണത്തിൽ പുരോഗതി ഉണ്ടാകാത്തതിന് ഹൈക്കോടതി പൊലീസിനെ വിമർശിച്ചിരുന്നു. രാഷ്ട്രീയ നേതാക്കൾ അടക്കം ആരോപണം നേരിടുന്ന എല്ലാവരെയും കുറിച്ച് അന്വേഷിക്കാനായിരുന്നു കോടതിയുടെ നിർദേശം. അതിനിടെയാണ് ഇ.ഡി കേസിൽ അന്തിമ കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്. കഴിഞ്ഞ ലോക്സഭാ തിരഞ്ഞെപ്പിലടക്കം ഏറെ ചർച്ച ചെയ്യപ്പെട്ട വിഷയമായിരുന്നു കരുവന്നൂർ ബാങ്ക് വായ്പാ തട്ടിപ്പ്.

## ബോധപൂർവമായ രാഷ്ട്രീയ ഗൂഢാലോചന, പാർട്ടിയെ പ്രതിയാക്കിക്കളയാം എന്നാണ് ധാരണ'; ഇഡി കുറ്റപത്രത്തിനെതിരെ എം വി ഗോവിന്ദൻ




**തിരുവനന്തപുരം:** കരുവന്നൂർ കേസിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇ ഡി) സമർപ്പിച്ച കുറ്റപത്രത്തിനെതിരെ സിപിഎം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ. ബോധപൂർവമായ രാഷ്ട്രീയ ഗൂഢാലോചനയാണ് ഇഡി നടത്തുന്നതെന്നാണ് ഗോവിന്ദൻ പറഞ്ഞത്. സിപിഎമ്മിനെ പ്രതിയാക്കിക്കളയാം എന്ന ധാരണയോടുകൂടിയാണ് ഇഡി മുന്നോട്ടുവന്നിരിക്കുന്നത്. സിപിഎമ്മിനെ പ്രതിക്കൂട്ടിൽ നിർത്താമെന്നാണ് കരുതുന്നതെങ്കിൽ അത് ജനങ്ങൾ തിരിച്ചറിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. കേസ് രാഷ്ട്രീയപരമായും നിയമപരമായും നേരിടുമെന്നും ഗോവിന്ദൻ വ്യക്തമാക്കി. കരുവന്നൂർ ബാങ്ക് തട്ടിപ്പുകേസിൽ എറണാകുളം പ്രിവൻഷൻ ഓഫ് മണി ലോണ്ടറിംഗ് ആക്ട് പ്രത്യേക (പിഎംഎൽഎ) കോടതിയിലാണ് ഇ ഡി രണ്ടാംഘട്ട കുറ്റപത്രം സമർപ്പിച്ചത്. സിപിഎമ്മിനെയും പാർട്ടിയുടെ തൃശൂർ ജില്ലയിലെ മൂന്ന് മുൻ സെക്രട്ടറിമാരെയും കേസിൽ പ്രതിസ്ഥാനത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. എം.എം വർഗീസ്, എ.സി മൊയ്തീൻ, കെ. രാധാകൃഷ്ണൻ എം.പി എന്നീ മുതിർന്ന നേതാക്കളെയാണ് പ്രതി സ്ഥാനത്ത് ഉൾപ്പെടുത്തിയത്. കോടതിയിൽ സമർപ്പിച്ച അന്തിമ കുറ്റപത്രത്തിൽ പുതുതായി 27 പ്രതികൾ കൂടിയുണ്ട്. ആകെ 83 പ്രതികളാണ് ഇതോടെ കരുവന്നൂർ ബാങ്ക് തട്ടിപ്പ് കേസിലുള്ളത്. 180 കോടി രൂപയുടെ തട്ടിപ്പാണ് കരുവന്നൂരിൽ നടന്നത്. ഇതിൽ 128 കോടി രൂപ ഇഡി കണ്ടുകെട്ടി. അതേസമയം, കരുവന്നൂരിൽ തട്ടിപ്പ് നടന്നിട്ടുണ്ടെന്നും എന്നാൽ അതിൽ പാർട്ടിക്ക് പങ്കില്ലെന്നും എ സി മൊയ്തീൻ പറഞ്ഞു. പാർലമെന്റ് തിരഞ്ഞെടുപ്പ് മുന്നിൽ കണ്ടാണ് നേതാക്കളെ പ്രതിയാക്കിയതെന്നും മൊയ്തീൻ വ്യക്തമാക്കി. കുറ്റപത്രം രാഷ്ട്രീയ പ്രേരിതമാണെന്നും പാർട്ടി നിയമപരമായി നേരിടുമെന്നും അദ്ദേഹം വ്യക്തമാക്കി.

## നിലമ്പൂരിൽ ആര്യാടൻ ഷൗക്കത്ത് തന്നെ



**കൊച്ചി:** നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർഥിയായി ആര്യാടൻ ഷൗക്കത്തിനെ പ്രഖ്യാപിച്ച് എഐസിസി. കൊച്ചിയിൽ കെപിസിസി അധ്യക്ഷൻ സണ്ണി ജോസഫിന്റെ നേതൃത്വത്തിൽ നേതാക്കളുടെ നിർണായക യോഗം ചേർന്നാണ് സ്ഥാനാർഥിയെ തീരുമാനിച്ചത്. വൈകീട്ട് അഞ്ചുമണിയോടെ വീണ്ടും യോഗം ചേർന്ന ശേഷം ഷൗക്കത്തിന്റെ പേര് ഹൈക്കമാൻഡിന് കൈമാറുകയായിരുന്നു. ഒറ്റപ്പേര് ഹൈക്കമാൻഡിന് കൈമാറുമെന്നും ഇന്നുതന്നെ സ്ഥാനാർഥി പ്രഖ്യാപനമുണ്ടാകുമെന്നും കോൺഗ്രസ് നേരത്തേ വ്യക്തമാക്കിയിരുന്നു. സ്ഥാനാർഥിയായി ആര്യാടൻ ഷൗക്കത്തിന്റെയും ഡിസിസി അധ്യക്ഷൻ വി.എസ്. ജോയിയുടെയും പേരുകളാണ് ഉയർന്നുവന്നതെങ്കിലും ഷൗക്കത്തിനുതന്നെയായിരുന്നു മുൻഗണന. ആര്യാടൻ ഷൗക്കത്ത് സ്ഥാനാർഥിയാകുന്നതിനെതിരേ പി.വി അൻവർ പരസ്യമായി രംഗത്തുവന്നതോടെ യുഡിഎഫിൻറെ സ്ഥാനാർഥി പ്രഖ്യാപനം സംബന്ധിച്ച് അനിശ്ചിതത്വങ്ങളുണ്ടായിരുന്നു. കോൺഗ്രസ് ആരെ സ്ഥാനാർഥിയാക്കിയാലും പിന്തുണയ്ക്കുമെന്നും എന്നാൽ, ആരെയെങ്കിലും സ്ഥാനാർഥിയാക്കാനല്ല താൻ രാജിവെച്ചതെന്നും തിങ്കളാഴ്ച വിളിച്ചുചേർത്ത വാർത്താസമ്മേളനത്തിൽ അൻവർ നിലപാടെടുത്തിരുന്നു. ഇടതുമുന്നണി അംഗമായിരുന്ന പി.വി.അൻവർ രാജിവച്ചതിനെ തുടർന്നാണ് മണ്ഡലത്തിൽ ഉപതിരഞ്ഞെടുപ്പ് വേണ്ടിവന്നത്. ജൂൺ 19-നാണ് ഉപതിരഞ്ഞെടുപ്പ്. വോട്ടെണ്ണൽ ജൂൺ 23-ന് നടക്കും. നാല് സംസ്ഥാനങ്ങളിലെ അഞ്ച് മണ്ഡലങ്ങളിലേക്കുള്ള ഉപതിരഞ്ഞെടുപ്പാണ് പ്രഖ്യാപിച്ചിരിക്കുന്നത്. രണ്ടാം പിണറായി സർക്കാർ വന്ന ശേഷമുള്ള അഞ്ചാമത്തെ ഉപതിരഞ്ഞെടുപ്പാണിത്. ഇതുവരെ നടന്ന നാല് ഉപതിരഞ്ഞെടുപ്പിലും യുഡിഎഫും എൽഡിഎഫും സിറ്റിങ് സീറ്റുകൾ നിലനിർത്തി. തൃക്കാക്കരയിലും പുതുപ്പള്ളിയിലും പാലക്കാട്ടും യുഡിഎഫ് സീറ്റ് നിലനിർത്തിയപ്പോൾ ചേലക്കരയിൽ ഇടതുപക്ഷം സിറ്റിങ് സീറ്റിൽ വിജയിച്ചു. നിയമസഭാ തിരഞ്ഞെടുപ്പിന് മാസങ്ങൾ മാത്രം ബാക്കിയിരിക്കേ, ഇരുമുന്നണികൾക്കും അഭിമാനപ്രശ്നമാണ് നിലമ്പൂർ ഉപതിരഞ്ഞെടുപ്പ്.


## യുഡിഎഫിന് മുന്നിൽ ഉപാധികളുമായി പിവി അൻവർ, നിയമസഭ തെരഞ്ഞെടുപ്പിൽ ജയ സാധ്യതയുള്ള സീറ്റ് വേണം



**മലപ്പുറം :** യുഡിഎഫ് സ്ഥാനാർത്ഥിയായി ആര്യാടൻ ഷൌക്കത്തിനെ പ്രഖ്യാപിച്ചതോടെ പി.വി. അൻവർ ഉടക്കിൽ. തന്റെ എതിർപ്പിനെ അവഗണിച്ച് ആര്യാടൻ ഷൌക്കത്തിനെ തന്നെ സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ച യുഡിഎഫിന് മുന്നിൽ, പിന്തുണക്കണമെങ്കിൽ തന്റെ ആവശ്യങ്ങൾ അംഗീകരിക്കണമെന്ന ഉപാധി വെച്ചിരിക്കുകയാണ് അൻവർ. വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ വിജയസാധ്യതയുള്ള യുഡിഎഫ് സീറ്റിലാണ് അൻവറിന്റെ കണ്ണ്. മത്സരിക്കാൻ ജയ സാധ്യത ഉള്ള സീറ്റ് വേണമെന്നും ഇക്കാര്യം കോൺഗ്രസുമായി സംസാരിക്കണമെന്നും തന്നെ വന്ന് കണ്ട മുസ്ലീം ലീഗ് നേതാക്കളോട് അൻവർ ആവശ്യപ്പെട്ടതായാണ് വിവരം. പരിഗണിക്കാമെന്ന് ലീഗ് നേതൃത്വം ഉറപ്പ് നൽകിയതായാണ് സൂചന. അൻവർ ഇന്ന് മുസ്ലിം ലീഗ് നേതാവ് പി.കെ കുഞ്ഞാലിക്കുട്ടിയുമായി ചർച്ച നടത്തും. യുഡിഎഫ് പ്രവേശനവും സീറ്റ് അടക്കമുള്ള കാര്യങ്ങൾ ചർച്ചയാകും. അൻവറിനെ കൂടെ നിർത്താനാണ് നിലവിൽ മുസ്ലിം ലീഗ് നേതൃത്വത്തിന് താല്പര്യം. എന്നാൽ ആര്യാടൻ ഷൌക്കത്തിനെ സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചതിന് ശേഷവും സ്ഥാനാത്ഥിക്ക് തിരിച്ചടിയാകുന്ന രീതിയിൽ വലിയ ആരോപണങ്ങൾ ഉയർത്തിയ അൻവറിനെ ഉൾക്കൊള്ളുന്നതിൽ കോൺഗ്രസിൽ ഭിന്നത തുടരുകയാണ്. തെരഞ്ഞെടുപ്പ് സമയത്ത് അൻവറിനെ പിണക്കേണ്ട എന്ന് കോൺഗ്രസിലെ ഒരു വിഭാഗവും പറയുന്നു. പരസ്യമായി സ്ഥാനാർത്ഥിക്കെതിരെ രംഗത്ത് വന്ന അൻവറിനെ ഇനി എങ്ങിനെ സഹകരിപ്പിക്കും എന്നതിലാണ് ആശങ്ക.

### ആശാൻ

യുഡിഎഫിന് മുന്നിൽ ഉപാധികളുമായി പിവി അൻവർ, നിയമസഭ തെരഞ്ഞെടുപ്പിൽ ജയ സാധ്യതയുള്ള സീറ്റ് വേണം



കുറുക്കന്റെ കണ്ണ് കോഴിക്കൂട്ടിൽതന്നെ

## തീരത്തടിഞ്ഞ് 36 കണ്ടെയ്നറുകൾ; കൊല്ലത്ത് 34, ആലപ്പുഴയിൽ 2

**കൊല്ലം/ആലപ്പുഴ:**അറബിക്കടലിൽമുങ്ങിയചരക്കുകപ്പലിലെകണ്ടെയ്നറുകളെപ്പറ്റികടുത്തആശങ്കനിലനിൽക്കെ34എണ്ണംകൊല്ലത്തുംരണ്ടെണ്ണംആലപ്പുഴയിലുംഅടിഞ്ഞു.25എണ്ണവുംകാലിയാണ്. കൊല്ലംചെറിയഴീക്കലിനുംമുണ്ടയ്ക്കൽകാക്കപ്പത്തോപ്പിനുംഇടയിലുള്ളതീരത്താണ് 34എണ്ണവുംഅടിഞ്ഞത്.ആലപ്പുഴയിൽഅടിഞ്ഞത് ആറാട്ടുപുഴതറയിൽക്കടവ് ഭാഗത്തും.ഇവയൊന്നുംരാസവസ്തുക്കൾഉണ്ടായിരുന്നവയല്ലെന്ന് കണ്ടെയ്നർനമ്പരുംകാർഗോയുടെവിവരങ്ങളടങ്ങിയഷിപ്പിംഗ് മാനിഫെസ്റ്റോയുംഒത്തുനോക്കിസ്ഥിരീകരിച്ചു. അടിഞ്ഞകണ്ടെയ്നറുകൾടഗ്ഗും മത്സ്യബന്ധനബോട്ടുകളുംഉപയോഗിച്ച് കെട്ടിവലിച്ച് കൊല്ലംപോർട്ടിലെയാർഡിൽഎത്തിക്കും.അഞ്ച് കണ്ടെയ്നറുകൾഒഴികെപുലിമുട്ടിലും മറ്റുംതട്ടിതകർന്നനിലയിലാണ്.ഒൻപതിൽമാത്രമാണ് കാർഗോയുള്ളത്. ശക്തികുളങ്ങരയിൽ അടിഞ്ഞ അഞ്ച് കണ്ടെയ്നറുകൾക്ക് കാര്യമായകേടുപാട് ഇല്ലാത്തതിനാൽഉള്ളിൽഎന്താണെന്ന് വ്യക്തമായിട്ടില്ല.തകർന്നരണ്ടെണ്ണത്തിൽന്യൂസ് പ്രിന്റുംഗ്രീൻടീയുമായിരുന്നു.ചെറിയഴീക്കൽതീരക്കടലിൽബാൻഡേജ് ബണ്ടിലുകൾപൊങ്ങിക്കിടക്കുന്നുണ്ട്.ശക്തികുളങ്ങരയിൽഅടിഞ്ഞകണ്ടെയ്നറുകൾഒഴുകാതിരിക്കാൻപൊലീസുംമത്സ്യത്തൊഴിലാളികളുംചേർന്ന് വടംഉപയോഗിച്ച് കെട്ടിനിറുത്തി.കടലിൽ ഒഴുകിനടക്കുന്നവയെനാവികസേനയുടെ ഡോണിയർവിമാനംനിരീക്ഷിക്കുന്നുണ്ട്. ഇന്നലെപുലർച്ചെആറ് മണിയോടെകൂട്ടിച്ചേർത്തനിലയിലുള്ള രണ്ട് കണ്ടെയ്നറുകളാണ് ആറാട്ടുപുഴയിൽഅടിഞ്ഞത്.കസ്റ്റംസ് പരിശോധനയിൽബോക്സുകൾക്കുള്ളിൽപഞ്ഞിക്കെട്ടുകളാണെന്ന് സ്ഥിരീകരിച്ചു.ഒരു കണ്ടെയ്നർകടൽഭിത്തിയിൽതങ്ങിനിന്നു.രണ്ടാമത്തേത് കടൽഭിത്ത ിയിലിടിച്ച് തകർന്ന്,വിവിധസ്ഥലങ്ങളിലടിഞ്ഞു. കസ്റ്റംസ്,കൂടംകുളം അണവനിലയത്തിലുള്ളവിദഗ്ദ്ധസംഘം,ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് വകുപ്പ്,പൊല്യൂഷൻകൺട്രോൾബോർഡ് എന്നിവരുടെനേതൃത്വത്തിൽഅടിയുന്നകണ്ടെയ്നറുകൾപരിശോധിക്കുന്നുണ്ട്. എൻ.ഡി.ആർ.എഫിന്റെചെന്നൈയിൽനിന്നുള്ളസംഘവുംക്യാമ്പ് ചെയ്യുന്നുണ്ട്.കണ്ടെയ്നറുകൾക്ക് അടുത്തേക്ക് ജനങ്ങൾഎത്താതിരിക്കാൻ200മീറ്റർപരിധിയിൽനിയന്ത്രണംഏർപ്പെടുത്തി.



**ചോർന്ന എണ്ണപ്പാട പിളർന്നു**

കൊച്ചി:മുങ്ങിത്താഴ്ന്നചരക്കുകപ്പലിൽനിന്നുള്ളഎണ്ണച്ചോർച്ചനിയന്ത്രിക്കാനുള്ളശ്രമങ്ങൾക്ക് തിരിച്ചടിയായിമോശംകാലാവസ്ഥ.വലിയഎണ്ണപ്പാടപലതായിപിളർന്ന് അഞ്ച് കിലോമീറ്ററോളംവ്യാപിച്ചു.എണ്ണപ്പാടകേരളതീരത്ത് അടുത്തിട്ടില്ലെന്ന് നാവികസേനഅറിയിച്ചു. കടൽപ്രക്ഷുബ്ധമായതിനാൽബൂം(പ്രത്യേകതടയണ)ചെയ്യാൻഇന്നലെയുംസാധിച്ചിട്ടില്ല.നേവിയുടെഡോണിയർവിമാനത്തിലൂടെഓയിൽസ്പിൽഡിസ്പേഴ്സന്റ് മാത്രമാണ് ഉപയോഗിക്കാനായത്.ഇന്നലെഉച്ചയ്ക്ക് വിമാനംനിരീക്ഷണത്തിനായിപറന്നെങ്കിലും പ്രതികൂലകാലാവസ്ഥമൂലംമടങ്ങേണ്ടിവന്നു.വൈകിട്ടാണ് വീണ്ടുമിറക്കിയത്. കപ്പലിലെ12കണ്ടെയ്നറുകളിലുള്ളഅപകടകാരിയായകാത്സ്യംകാർബൈഡ് ഇതുവരെപ്രശ്നംസൃഷ്ടിച്ചിട്ടില്ല. മലിനീകരണംതടയുന്നതിന് കോസ്റ്റ് ഗാർഡിന്റെവിക്രം,സമർത്ഥ്,സക്ഷംകപ്പലുകൾ മേഖലയിൽതുടരുന്നുണ്ട്.മലിനീകരണനിയന്ത്രണകപ്പലായസമുദ്രപ്രഹരിമുംബയിൽനിന്നെത്തും.ഇതോടെഎണ്ണവ്യാപനംകാര്യക്ഷമമായിനിയന്ത്രിക്കാനാകും. തീരത്തടിഞ്ഞകണ്ടെയ്നറുകൾനീക്കം ചെയ്യാൻകപ്പൽകമ്പനിസന്നദ്ധതഅറിയിച്ചതായാണ് വിവരം.കമ്പനിയുടെറെസ്ക്യൂടീമുകൾഎത്തിയാകുംനീക്കുക. കസ്റ്റംസ് കസ്റ്റഡിയിലെടുക്കും കൊല്ലംയാർഡിൽഎത്തിക്കുന്നകണ്ടെയ്നറുകൾകസ്റ്റംസ് കസ്റ്റഡിയിലെടുക്കും.കണ്ടെയ്നറുകളുടെഉടമസ്ഥർ ക്ലെയിംഉന്നയിക്കുന്നതിനനുസരിച്ച് വിട്ടുനൽകും.ചരക്കുള്ളകണ്ടെയ്നറുകൾക്ക് തീരുവചുമത്തിയശേഷമേവിട്ടുനൽകൂ.കടലിൽമുങ്ങിയതിനാൽകാർഗോകൾക്ക് ഇൻഷ്വറൻസ് ലഭിക്കും. രാസവസ്തുക്കളടങ്ങിയകണ്ടെയ്നർഇതുവരെതീരത്ത് അടിഞ്ഞിട്ടില്ല.എങ്കിലും മലിനീകരണനിയന്ത്രണബോർഡ് കടൽജലത്തിന്റെസാമ്പിൾശേഖരിക്കുന്നുണ്ട്.

## അടുത്ത പൊലീസ് മേധാവിയാര്?, കേരളം കേന്ദ്രത്തിന് നൽകിയത് ആറുപേരുടെ പട്ടിക



**തിരുവനന്തപുരം:** കേരളത്തിലെ പുതിയ പൊലീസ് മേധാവിയെ തിരഞ്ഞെടുക്കുന്നതിന് ആറുപേരുടെ പട്ടിക കേന്ദ്രത്തിന് സംസ്ഥാന സർക്കാർ കൈമാറി. റവാഡ ചന്ദ്രശേഖർ, നിതിൻ അഗർവാൾ, യോഗേഷ് ഗുപ്ത, മനോജ് എബ്രഹാം, സുരേഷ് രാജ് പുരോഹിത്, എം.ആർ. അജിത് കുമാർ എന്നിവരാണ് പട്ടികയിൽ ഉള്ളത്. ഇവരെല്ലാം മുപ്പതുവർഷം സർവീസുള്ള ഐ.പി.എസുകാരാണ്. കൈമാറിയ പട്ടികയിൽ നിന്ന് യു.പി.എസ്.സി ചെയർമാന്റെ നേതൃത്വത്തിലുള്ള സമിതി യോഗം ചേർന്ന് മൂന്നു പേരുടെ പട്ടിക സംസ്ഥാനത്തിന് കൈമാറും. ഇതിലൊരാളെ സംസ്ഥാന സർക്കാരിന് പൊലീസ് മേധാവിയാക്കാം. സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനം ആറംഗ പട്ടിക നൽകിയത്. ഉദ്യോഗസ്ഥരുടെ സീനിയോറിറ്റിയും പ്രവർത്തനവും സ്വഭാവശുദ്ധിയും പരിഗണിച്ചാണ് യു.പി.എസ്.സി മൂന്നംഗ പട്ടിക തയ്യാറാക്കുക. ആറംഗ പട്ടികയിലുള്ള സുരേഷ് രാജ് പുരോഹിത് (എസ്.പി.ജി), റവാഡ ചന്ദ്രശേഖർ (ഐ.ബി) എന്നിവർ കേന്ദ്ര ഡെപ്യൂട്ടേഷനിലാണ്. പൊലീസ് മേധാവിയാക്കിയാൽ കേരളത്തിൽ തിരിച്ചെത്താമെന്ന് ഇവർ രേഖാമൂലം അറിയിച്ചിട്ടുണ്ട്. അതിനാലാണ് അവരെയും പട്ടികയിൽ ഉൾപ്പെടുത്തിയത്. ജൂൺ 30നാണ് നിലവിലെ പൊലീസ് മേധാവി ഷേഖ് ദർവേഷ് സാഹിബ് വിരമിക്കുന്നത്.

## 31വരെ ശക്തമായ മഴ, ഇന്നലെ അഞ്ച് മരണം



**തിരുവനന്തപുരം:** സംസ്ഥാനത്ത് രണ്ടുദിവസം കൂടി ശക്തമായ മഴ തുടരുമെന്ന് കാലാവസ്ഥ വകുപ്പ്. ഇന്ന് മദ്ധ്യ, പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനു മുകളിലായി മറ്റൊരു ന്യൂനമർദ്ദംകൂടി രൂപപ്പെട്ടേയ്ക്കും. നാളെ മഴയ്ക്ക് അല്പം ശമനമുണ്ടാകും. വീണ്ടും ശക്തിപ്പെട്ട് 31വരെ തുടരും. ശക്തമായ കാറ്റിനും സാദ്ധ്യത. കനത്ത മഴയിൽ ഇന്നലെ അഞ്ചുപേർ മരിച്ചു. ആലപ്പുഴ ബീച്ചിൽ ഇരുമ്പുതട്ടുകട മറിഞ്ഞ് തിരുമല പള്ളാത്തുരുത്തി രതിഭവനിൽ നിത്യാജോഷി (18) മരിച്ചു. മഴ പെയ്തപ്പോൾ, അടച്ചിട്ടിരുന്ന തട്ടുകടയ്ക്കരികിലേക്ക് കയറി നിൽക്കുന്നതിനിടെയാണ് മറിഞ്ഞത്. തൃശൂർ വടക്കാഞ്ചേരിയിൽ കനത്ത മഴയ്ക്കിടെ വീട്ടിലെ ഇരുമ്പ് ഗ്രില്ലിൽനിന്ന് ഷോക്കേറ്റാണ് തെക്കുംകര പുന്നംപറമ്പ് ഉന്നതിയിൽ രേണുക (41) മരിച്ചത്. കുട്ടനാട്ടിൽ ശക്തമായ കാറ്റിൽ കാൽവഴുതി തോട്ടിൽ വീണ് ജലഗതാഗതവകുപ്പ് നെടുമുടി ബോട്ട് സ്റ്റേഷനിലെ ഡ്രൈവർ കൈനകരി സ്വദേശി ഓമനക്കുട്ടൻ (54) മരിച്ചു. പിറവം പാഴൂരിൽ ഞായറാഴ്ച ഒഴുക്കിൽപ്പെട്ട് കാണാതായ പെരുമ്പല്ലൂർ കുറ്റിയറ ജോബിൻ ജോസഫിന്റെ (38) മൃതദേഹം കണ്ടെത്തി. കൂത്താട്ടുകുളം പാലക്കുഴയിൽ വീടിന് മുന്നിലെ നടവഴിയിൽ പൊട്ടിവീണ വൈദ്യുതിലൈൻ എടുത്ത് മാറ്റാൻ ശ്രമിക്കുന്നതിനിടെ ഷോക്കേറ്റ് കിഴക്കേക്കര വീട്ടിൽ വെള്ളാനി (80) മരിച്ചു. പലയിടത്തും റെയിൽവേ ട്രാക്കിൽ മരം വീണതിനെ തുടർന്ന് ട്രെയിൻ ഗതാഗതം താറുമാറായി. റവന്യു മന്ത്രിയുടെ ഓഫീസിൽ കൺട്രോൾ റൂം തുറന്നു- 0471 2518655.

**മഴ മുന്നറിയിപ്പ് ഇന്ന്**

**റെഡ്**

കോഴിക്കോട്,വയനാട്,കണ്ണൂർ

**ഓറഞ്ച്**

തൃശൂർ,മലപ്പുറം,കാസർകോട്

**യെല്ലോ**

തിരുവനന്തപുരം,കൊല്ലം,പത്തനംതിട്ട, ആലപ്പുഴ,കോട്ടയം,എറണാകുളം,ഇടുക്കി,പാലക്കാട്

**4 ജില്ലകളിൽ അവധി**

കണ്ണൂർ, വയനാട്, കോട്ടയം, കോഴിക്കോട് ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി. കണ്ണൂരിൽ പ്രൊഫഷണൽ കോളേജുകൾക്കും അങ്കണവാടി ജീവനക്കാർക്കും ബാധകമല്ല.

## ആണവായുധം വികസിപ്പിക്കാൻ ശ്രമം'; ഇന്ത്യയെ പാകിസ്താൻ കാണുന്നത് നിലനിൽപ്പിന് ഭീഷണിയായി– US റിപ്പോർട്ട്



**വാഷിങ്ടൺ:** തങ്ങളുടെ നിലനിൽപ്പിന് ഭീഷണിയായാണ് പാകിസ്താൻ ഇന്ത്യയെ കാണുന്നതെന്ന് യുഎസ് പ്രതിരോധ രഹസ്യാന്വേഷണ ഏജൻസിയുടെ റിപ്പോർട്ട്. അതുകൊണ്ട് അവർ സൈന്യത്തെ നവീകരിക്കാനുള്ള ശ്രമം തുടരുകയാണെന്നും അതിനായി ചൈനയെ ആശ്രയിക്കുന്നെന്നും റിപ്പോർട്ടിൽ പറയുന്നു. സൈനികകാര്യത്തിൽ പരമ്പരാഗതമായി ഇന്ത്യക്കുള്ള മേൽക്കോയ്മ നേരിടാൻ യുദ്ധമുഖത്ത് പ്രയോഗിക്കാവുന്ന ആണവായുധങ്ങൾ വികസിപ്പിക്കാൻ പാകിസ്താൻ ശ്രമിക്കുന്നു. ഒപ്പം ആണവവസ്തുക്കളുടെയും ആണവായുധ ഏകോപന നിയന്ത്രണ കേന്ദ്രങ്ങളുടെയും സുരക്ഷാകാര്യത്തിലും ഊന്നൽനൽകുന്നു. കൂട്ടനശീകരണത്തിനുസാധിക്കുന്ന ആയുധങ്ങളുണ്ടാക്കാനുള്ള (ഡബ്ല്യുഎംഡി) പദ്ധതിക്കായി വിദേശരാജ്യങ്ങളിൽനിന്നും ഇടനിലക്കാരിൽനിന്നും ചരക്കുകളും സാങ്കേതികവിദ്യയും സംഭരിക്കുന്നു. ചൈനയിൽനിന്നാണ് വലിയതോതിൽ സൈനിക-സാമ്പത്തിക സഹായം പാകിസ്താന് ലഭിക്കുന്നത്. ഹോങ്കോങ്, സിങ്കപ്പൂർ, തുർക്കി, യുഎഇ എന്നീ രാജ്യങ്ങൾ വഴിയും ചൈനീസ് ചരക്കുകൾ പാകിസ്താനിലെത്തുന്നു. വർഷാവർഷം ഇരുരാജ്യങ്ങളും ഒട്ടേറെ സംയുക്തസൈനികാഭ്യാസങ്ങൾ നടത്തിവരുന്നെന്നും റിപ്പോർട്ടിൽ പറയുന്നു. അതേസമയം, ചൈന-പാക് സാമ്പത്തിക ഇടനാഴിയുമായി ബന്ധപ്പെട്ട് ജോലിചെയ്യുന്ന ചൈനീസ് തൊഴിലാളികൾക്കുനേരെ ഭീകരാക്രമണമുണ്ടാകുന്നതുമായി ബന്ധപ്പെട്ട് ഇരുരാജ്യങ്ങൾക്കിടയിലും അസ്വാരസ്യങ്ങളുണ്ടെന്നും റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു

## കാടുകൾ വെട്ടിത്തെളിക്കണം, സ്കൂൾ വാഹനങ്ങൾക്ക് ഫിറ്റ്നസ് സർ ട്ടിഫിക്കറ്റ് നിർബന്ധം; കർശന നിർദേശവുമായി മുഖ്യമന്ത്രി

കാടുകൾ വെട്ടിത്തെളിക്കണം, സ്കൂൾ വാഹനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധം; കർശന നിർദേശവുമായി മുഖ്യമന്ത്രി തിരുവനന്തപുരംന്ന സ്കൂൾ തുറക്കും മുൻപ് തന്നെ എല്ലാ സ്കൂളുകളുടെയും ഫിറ്റ്നസ് പരിശോധിച്ച് ഉറപ്പു വരുത്തണമെന്ന് മുഖ്യമന്ത്രി പിണറായി വിജയന്റെ കർശന നിർദേശം. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഘടകങ്ങൾ ഉൾച്ചേർന്ന് നവീകരിച്ച അക്കാദമിക്ക് മാസ്റ്റർ പ്ലാൻ ജൂൺ 15നകം പൂർത്തിയാക്കണമെന്നും മുഖ്യമന്ത്രി നിർദേശം നൽകി. സ്കൂൾ വർഷാരംഭ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പുരോഗതി മുഖ്യമന്ത്രി വിലയിരുത്തി. ഈ വർഷത്തെ സംസ്ഥാന പ്രവേശനോത്സവം ആലപ്പുഴ കലവൂർ ഹയർ സെക്കൻഡറി സ്കൂളിൽ ജൂൺ 2ന് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. അന്നേ ദിവസം സംസ്ഥാനത്തെ എല്ലാ സ്കൂളിലും പ്രവേശനോത്സവ ചടങ്ങുകൾ നടക്കും. സ്കൂൾ ബസുകൾക്കും കുട്ടികളെ എത്തിക്കുന്ന സ്വകാര്യ വാഹനങ്ങൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഉറപ്പു വരുത്തണം. അതോടൊപ്പം ഡ്രൈവർമാർക്ക് ബോധവൽകരണവും നൽകണം. പൊലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാവണം സ്കൂൾ വാഹനങ്ങളിലെ ജീവനക്കാരെ നിയമിക്കേണ്ടത്. സ്കൂൾ പരിസരത്ത് ട്രാഫിക്ക് പൊലീസിന്റെ സേവനം ഉറപ്പാക്കണം. സ്കൂൾ തുറക്കും മുൻപ് കാടുകൾ വെട്ടിത്തെളിച്ച് ശുചീകരണ നടപടികൾ പൂർത്തീകരിക്കണം. പാചകപ്പുര, ശുചിമുറി, കൈകഴുകുന്ന സ്ഥലം എന്നിവ വൃത്തിയുള്ളതായിരിക്കണം. ബെഞ്ച്, ഡസ്ക് എന്നിവ ഉപയോഗയോഗ്യമാക്കണം. സ്കൂൾ പരിസരത്തെ അപകട ഭീഷണിയുള്ള മരങ്ങളും മരച്ചില്ലകളും വെട്ടി മാറ്റണം. കുടിവെള്ള സ്രോതസ്സുകൾ വൃത്തിയാക്കി ശുദ്ധമായ കുടിവെള്ളം ഉറപ്പ് വരുത്തണം. റെയിൽവേ ക്രോസിനു സമീപത്തെ സ്കൂളുകളിലെ വിദ്യാർഥികൾക്ക് അപകടരഹിതമായി ട്രാക്ക് മുറിച്ചു കടക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം. മെന്റർ ടീച്ചർമാരെ സ്കൂൾ തുറക്കും മുൻപ് നിയമിക്കണം. പാഠപുസ്തകങ്ങൾ യൂണിഫോം എന്നിവ എല്ലാ വിദ്യാർഥികൾക്കും ലഭിച്ചു എന്ന് ഉറപ്പാക്കണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു.

കേരള പ്രണാമം
editorialkeralapranamam@gmail.com
സത്യം വദഃ ധർമ്മം ചരഃ

## നേർക്കാഴ്ച



"ഈശ്വരനെ നമുക്ക് ഭയവും വിശ്വാസമുണ്ടെങ്കിൽ നാം മറ്റൊന്നും ഭയപ്പെടേണ്ടതില്ല"
മഹാത്മാ ഗാന്ധി

# കുട്ടികളുടെ സുരക്ഷയ്ക്കാണ് മുൻഗണനനൽകേണ്ടത്

മഴക്കാലം വരാനും സ്കൂൾ തുറക്കാനും ഇനി അധികം ദിനങ്ങളില്ല. ജൂൺ രണ്ടിന് കുട്ടികൾ സ്കൂളിലേക്ക് എത്തുമ്പോൾ അവരുടെ സുരക്ഷയ്ക്കാണ് ഏറ്റവും വലിയ മുൻഗണന നൽകേണ്ടത്. സംസ്ഥാന വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടിയുടെ നേതൃത്വത്തിൽകഴിഞ്ഞആഴ്ചചേർന്ന ഉന്നതതല യോഗം സംസ്ഥാനത്തെ സ്കൂൾ വളപ്പുകളിൽ അപകടാവസ്ഥയിൽ നിൽക്കുന്ന കെട്ടിടങ്ങൾ പൊളിക്കാനും മരങ്ങൾ മുറിക്കാനും തീരുമാനമെടുത്തിരിക്കുന്നതും കുട്ടികളുടെ സുരക്ഷയ്ക്കുള്ള പ്രാധാന്യം കണക്കിലെടുത്താണ്. ഈ വെക്കേഷൻ കാലത്തുതന്നെ ഇതിനുള്ള നടപടികൾ പൂർത്തിയാക്കേണ്ടതായിരുന്നു. സംസ്ഥാനത്തൊട്ടാകെ അപകടാവസ്ഥയിൽ നിൽക്കുന്ന എല്ലാ കെട്ടിടഭാഗങ്ങളും സ്കൂൾ തുറക്കും മുൻപ് പൊളിച്ചുനീക്കാനാണ് യോഗം തീരുമാനമെടുത്തിരിക്കുന്നത്. പുതിയ കെട്ടിടങ്ങൾ നിർമ്മിച്ച സ്കൂളുകളിൽ പോലും, സാങ്കേതിക തടസ്സങ്ങൾ കാരണം പൊളിക്കാനാവാതെ പഴയ കെട്ടിടങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിലാണ് പുതിയ തീരുമാനം. പഴയ കെട്ടിടങ്ങൾ അടുത്തുണ്ടെന്ന കാരണത്താൽ, പുതിയ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് കിട്ടാത്ത സാഹചര്യവും ഉന്നതതല യോഗം വിലയിരുത്തി. ദുരന്തനിവാരണ നിയമ പ്രകാരം ഇതിന് ആവശ്യമായ നിർദ്ദേശം ജില്ലാ കളക്ടർമാർക്ക് നൽകാനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിടങ്ങൾ പൊളിച്ചുനീക്കാനുള്ള നടപടി തുടങ്ങാനുമാണ് തീരുമാനമായത്. പൊളിച്ചുനീക്കുന്നതിന്റെ അവശിഷ്ടങ്ങൾ സ്കൂൾ കോമ്പൗണ്ടിൽ അവശേഷിപ്പിക്കാതെ പൂർണമായും നീക്കം ചെയ്തില്ലെങ്കിൽ അപകടങ്ങൾക്ക് ഇടയാക്കാവുന്നതാണ്.

സ്വകാര്യ വ്യക്തികളുടെ സ്ഥലത്തുനിന്ന് ഉൾപ്പെടെ സ്കൂൾ കെട്ടിടങ്ങളുടെ മുകളിലേക്ക് അപകടകരമായി വളർന്നുനിൽക്കുന്ന വൃക്ഷശാഖകളും മുറിച്ചുമാറ്റുന്നതായിരിക്കും.

വിദ്യാർത്ഥികളുടെ ജീവന് ഭീഷണിയുള്ള ഘടകങ്ങൾ നിലനിൽക്കുന്ന സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ നൽകരുത്. മഴക്കാലത്തിന്റെ തീവ്രത എത്രമാത്രം ആയിരിക്കുമെന്ന് മുൻകൂട്ടി പ്രവചിക്കാനാകാത്തതിനാൽ ഭാവിയിൽ ഉണ്ടായേക്കാവുന്ന അപകടങ്ങൾ കൂടി മുൻകൂട്ടി കണ്ടുള്ള സുരക്ഷാക്രമീകരണങ്ങൾ വിദ്യാഭ്യാസ വകുപ്പും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അതാത് സ്കൂൾ അധികൃതരും മുൻകൈയെടുത്ത് നടപ്പാക്കേണ്ടതാണ്. അതേസമയം, ചുമരുകളുടെ പ്ളാസ്റ്ററിംഗ്, ഫാൾസ് സീലിംഗ് ഇല്ലാത്തത്, ക്ളാസ് മുറിയുടെ വലിപ്പത്തിലെ അപാകതകൾ തുടങ്ങിയ ചെറിയ പ്രശ്നങ്ങളുടെ പേരിൽ ഫിറ്റ്നസ് നിഷേധിക്കുന്നതും ശരിയല്ല.

മഴക്കാലത്ത് പകർച്ചവ്യാധികൾ പകർന്ന് പിടിക്കാൻ ഇടയുള്ളതിനാൽ വിദ്യാലയ പരിസരങ്ങൾ ശുചീകരിക്കാനുള്ള നടപടികളും ഉണ്ടാവണം.

കുട്ടികളുടെ സ്കൂളുകളിലേക്കുള്ള യാത്രയുടെ സുരക്ഷ ഉറപ്പാക്കാൻ ട്രാഫിക് ഉദ്യോഗസ്ഥരും മോട്ടോർ വാഹന വകുപ്പും വിട്ടുവീഴ്ച കൂടാതെ പരിശോധന നടത്തേണ്ടതാണ്. മദ്യപിച്ചിട്ട് ഒരാൾ പോലും കുട്ടികളുടെ വാഹനം ഓടിക്കില്ലെന്നതാണ് ആദ്യം ഉറപ്പാക്കേണ്ടത്. പ്രൈവറ്റ് ബസുകാരും മറ്റും സ്കൂൾ കുട്ടികളെ കയറ്റാൻ മടികാണിക്കുകയും അവരോട് മോശമായി പെരുമാറുകയും ചെയ്താൽ തക്കതായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ലഹരി ഉപയോഗത്തിനുള്ള സാദ്ധ്യതകൾ സ്കൂൾ പരിസരങ്ങളിലില്ലെന്ന് ഉറപ്പുവരുത്തേണ്ടത് പൊലീസിന്റെ ചുമതലയാണ്. ലഹരിക്കെതിരെയുള്ള ബോധവത്കരണ പരിപാടികളും തുടക്കത്തിലേ നടത്തേണ്ടതാണ്. പുതുതായി വരുന്ന കുട്ടികളെ സ്വീകരിക്കുന്നതിന്റെ പേരിൽ വലിയ ആഘോഷങ്ങളുണ്ടായില്ലെങ്കിലും തർക്കങ്ങൾ ഉണ്ടാകാൻ പാടില്ല. പി.ടി.എ, പൂർവ വിദ്യാർത്ഥികൾ, വിവിധ സന്നദ്ധ സംഘടനകൾ, സർക്കാർ വകുപ്പുകൾ തുടങ്ങിയവയെല്ലാം ഒത്തൊരുമയോടെ നിന്നാൽ മികച്ച ഒരു അദ്ധ്യയന വർഷം നമുക്ക് ഉറപ്പാക്കാം.



# മുംബൈയിൽ മൺസൂൺ നേരത്തെയെത്തി; 107 വർഷത്തെ റെക്കോഡ് മറികടന്ന് മഴ; മെട്രോ സ്റ്റേഷനിൽ വെള്ളംകയറി

മുംബൈ: മൺസൂൺ പ്രതീക്ഷിച്ചതിലും നേരത്തെ എത്തിയതിന് പിന്നാലെ കനത്തമഴയിൽ നനഞ്ഞുകുതിർന്ന് മുംബൈ. നഗരത്തിൽ പെയ്തതിറങ്ങിയത്, 107 കൊല്ലത്തിനിടെയുള്ള ഏറ്റവും ഉയർന്ന അളവ് മഴ. സാധാരണയായി ജൂൺ മാസം പതിനൊന്നാം തീയതിയോടെയാണ് തെക്കുപടിഞ്ഞാറൻ കാലവർഷം മുംബൈയിൽ എത്താറ്. എന്നാൽ, ഇക്കുറി 16 ദിവസം നേരത്തെ, മേയ് 26-ന് കാലവർഷം എത്തി. 2001-25 കാലത്തിനിടെ ഇതാദ്യമായാണ് മൺസൂൺ ഇത്ര നേരത്തേ എത്തുന്നതെന്ന് ഐഎംഡി അറിയിച്ചു.

തിങ്കളാഴ്ച അർധരാത്രിയ്ക്കും രാവിലെ 11 മണിക്കും ഇടയിൽ, ദക്ഷിണമുംബൈയുടെ വിവിധഭാഗങ്ങളിൽ 200 മില്ലിമീറ്ററിൽ കൂടുതൽ മഴ ലഭിച്ചതായി ബൃഹൻമുംബൈ മുനിസിപ്പിൽ കോർപറേഷനി (ബിഎംസി)ൽനിന്നുള്ള കണക്കുകൾ ഉദ്ധരിച്ച് ഇന്ത്യൻ എക്സ്പ്രസ് റിപ്പോർട്ട് ചെയ്തു. മുംബൈയിലെ കൊളാബ ഒബ്സർവേറ്ററിയിൽ 295 മില്ലിമീറ്റർ മഴ രേഖപ്പെടുത്തി. ഇതിന് മുൻപ് ഏറ്റവും ഉയർന്ന അളവിൽ മഴ പെയ്തത് 1918-ൽ ആയിരുന്നു. അന്ന് 279.4 മില്ലിമീറ്റർ മഴയായിരുന്നു പെയ്തത്.

രാത്രി മുതൽ പുലർച്ചെവരെ പെയ്ത കനത്തമഴ നഗരത്തിൽ വെള്ളക്കെട്ടിനും ഗതാഗതക്കുരുക്കിനും വഴിവെച്ചിട്ടുണ്ട്. വോർളിയിലെ ഭൂഗർഭ മെട്രോ സ്റ്റേഷനിൽ വെള്ളംകയറി. സ്റ്റേഷന്റെ പ്ലാറ്റ്ഫോമിലുൾപ്പെടെയാണ് വെള്ളം കയറിയിട്ടുള്ളത്. ഇതിന്റെ ദൃശ്യങ്ങൾ സാമൂഹികമാധ്യമങ്ങളിൽ വ്യാപകമായി പ്രചരിക്കുന്നുണ്ട്. യാത്രക്കാർ വെള്ളത്തിലൂടെ നീങ്ങുന്നതും കാണാം.

മുംബൈ മെട്രോയുടെ, ബാന്ദ്ര-കുർള കോംപ്ലക്സ് (ബികെസി)യിൽനിന്ന് വോർളിയിലെ ആചാര്യ ആത്രേ ചൗക്കിലേക്കുള്ള സർവീസ് ഈ മാസം പത്താം തീയതിയായിരുന്നു പ്രവർത്തനം ആരംഭിച്ചത്. മഴയ്ക്കു പിന്നാലെ ഇവിടെ വെള്ളംകയറിയത് നിർമാണത്തെച്ചൊല്ലിയുള്ള വിമർശനങ്ങൾക്ക് വഴിവെച്ചിട്ടുണ്ട്.

# നെഹ്റുവിന്റെ ഇന്ത്യ ഭൂതകാലത്തിന്റെ ഒരു അവശിഷ്ടമല്ല– അത് ഭാവിയിലേക്കുള്ള ഒരു പ്രതീക്ഷയാണ്

ഇന്ന് ജവഹർലാൽ നെഹ്റുവിന്റെ ഓർമദിനം; ആ പേര് ഫലകങ്ങളിൽ നിന്നും ലെറ്റർഹെഡുകളിൽ നിന്നും മായ്ച്ചാലും ഇന്ത്യയുടെ ഭരണഘടനയിലും സ്ഥാപനങ്ങളിലും ജനഹൃദയങ്ങളിലും മായാതെ പതിഞ്ഞ് കിടക്കുംചരിത്രത്തെ എത്രകണ്ട് ഇല്ലാതാക്കാൻ ശ്രമിക്കുന്നു അത്രകണ്ട് ചരിത്രം ശക്തമായി ജനങ്ങളിലേക്ക് തിരിച്ചെത്തും. അതാണ് നെഹ്റു യുവ കേന്ദ്രത്തിന്റെ പുനർനാമം ചെയ്യാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തെ കുറിച്ച് ഓർമിപ്പിക്കാനുള്ളത്. ഇന്ത്യയെ കെട്ടിപ്പടുത്തുന്നതിലും യുവശക്തിയെ വാർത്തെടുക്കുന്നതിലും ദേശീയ നേതൃത്വം നൽകിയ ജവഹർ ലാൽ നെഹ്റുവിന്റെ ഓർമ ഇല്ലാതാക്കാൻ ബി ജെ പി സർക്കാർ എത്ര ശ്രമിച്ചാലും അതൊന്നും ചരിത്ര വിസ്മൃതിയാവില്ല.

അഞ്ചു പതിറ്റാണ്ടിലേറെയായി യുവജനശാക്തീകരണത്തിനായി പ്രവർത്തിച്ച് വരുന്ന ഒരു സുപ്രധാന സ്ഥാപനമാണ് നെഹ്റു യുവ കേന്ദ്ര (NYK). അതിനെ 'മേരാ യുവ ഭാരത്' എന്ന് പുനർനാമം ചെയ്യാനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം നെഹ്റുവിനോടുള്ള വിരോധം തന്നെയാണ്.2023-ൽ നെഹ്റു സ്മാരക മ്യൂസിയവും ലൈബ്രറിയും (NMML) 'പ്രധാനമന്ത്രി സംഗ്രഹാലയ' എന്ന് പുനർനാമകരണം ചെയ്തതിന്റെ തുടർച്ചയായുള്ള ഈ നീക്കം ഉയർത്തുന്ന ചോദ്യം ഏറെ പ്രസക്തമാണ്. കേന്ദ്ര സ്ഥാപനങ്ങളുടെ പേര് മാറ്റുന്നതിലൂടെ നെഹ്റുവിന്റെ പേരും ആ പാരമ്പര്യവും ചരിത്രത്തിൽ നിന്ന് തേച്ചുമായ്ക്കാനാകുമോ?

1972-ൽ യുവജന- കായിക കാര്യ മന്ത്രാലയത്തിന് കീഴിലാണ് നെഹ്റു യുവ കേന്ദ്ര സ്ഥാപിതമായത്. ഇന്ത്യൻ യുവാക്കളുടെ ശക്തിയിലും കഴിവിലുമുള്ള നെഹ്റുവിന്റെ ഉറച്ച വിശ്വാസമായിരുന്നു അതിന്റെ പിറവിക്ക് പിന്നിലെ ആധാര ശക്തി. വിദ്യാഭ്യാസം, നേതൃത്വം, സാമൂഹ്യ സേവനം, ദേശീയോദ്ഗ്രഥനം എന്നിവയിലൂന്നിയതായിരുന്നു നെഹ്റുവിയൻ ദർശനം. സ്വാശ്രയപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനും ജനാധിപത്യപരവും മതേതരവുമായ മൂല്യങ്ങൾ വളർത്തിയെടുക്കുന്നതിനുമായി രൂപകൽപ്പന ചെയ്ത പരിപാടികളിലൂടെ ദശലക്ഷക്കണക്കിന് ആളുകളെ നെഹ്റു യുവ കേന്ദ്ര ശാക്തീകരിക്കുകയുണ്ടായി.ഈ പുനർ നാമകരണത്തിന് മുമ്പുണ്ടായ സമാന നടപടിയാണ് 2023-ൽ നെഹ്റു സ്മാരക മ്യൂസിയം & ലൈബ്രറിയുടെ പേര് മാറ്റി പ്രധാനമന്ത്രി സംഗ്രഹാലയ എന്നാക്കി മാറ്റിയത്.തീൻ മൂർത്തി ഭവനത്തിൽ സ്ഥിതി ചെയ്യുന്ന ഈ സ്ഥാപനം സ്വതന്ത്ര ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രി ജവാഹർലാൽ നെഹ്റുവിന്റെ ഔദ്യോഗിക വസതിയായിരുന്നതിനാൽ അദ്ദേഹം മരിച്ച ശേഷം 1964-ൽ അത് നെഹ്റുവിന്റെ സ്മരണാർത്ഥം ഒരു മ്യൂസിയമായി മാറ്റുകയായിരുന്നു.1964 നവമ്പർ 14-ന്, നെഹ്റുവിന്റെ 75-ാമത് ജന്മദിനത്തിൽ, രാഷ്ട്രപതി ഡോ: എസ്. രാധാകൃഷ്ണൻ ഈ മ്യൂസിയം രാഷ്ട്രത്തിന് സമർപ്പിച്ചു. പിന്നീട് 1966-ൽ, ചരിത്ര ഗവേഷണത്തിന് വേണ്ടിയുള്ള നെഹ്റു മെമ്മോറിയൽ മ്യൂസിയം & ലൈബ്രറി (NMML) രൂപീകരിച്ചു. ആ ചരിത്ര സ്മാരകം വെറുമൊരു വസതി മാത്രമായിരുന്നില്ല. സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ ഭരണ സിരാ കേന്ദ്രവും നിരവധി ഗവേഷണ പ്രവർത്തനങ്ങൾക്ക് ആസ്ഥാനമായി മാറിയ നെഹ്റുവിയൻ ആദർശങ്ങളുടെ ഒരു കലവറയുമായിരുന്നു ഈ ചരിത്ര സൗധം. അത് കൊണ്ട് തന്നെ രാഷ്ട്രത്തെ രൂപപ്പെടുത്തുന്നതിൽ നെഹ്റുവിന്റെ നിർണായകമായ സംഭാവനയെ



ലഘൂകരിക്കാനുള്ള ശ്രമമായിട്ടാണ് ഇതിന്റെ പുനർ നാമകരണത്തെ പലരും കാണുന്നത്.

ചരിത്ര സ്ഥാപനങ്ങളിൽ നിന്നും പദ്ധതികളിൽ നിന്നും നെഹ്റുവിന്റെ പേര് നീക്കം ചെയ്യാൻ നടക്കുന്ന ശ്രമങ്ങൾ ചരിത്രത്തിന്റെ തിരുത്തി എഴുത്ത് മാത്രമായല്ല കാണേണ്ടത്. അത് രാഷ്ട്രീയമായ ആശയ ഭീതിയിൽ നിന്ന് ഉടലെടുത്തതാണ്. ജനാധിപത്യം, മതേതരത്വം, എല്ലാവരെയും ഉൾകൊള്ളുന്ന സാമൂഹിക സമത്വം, ശാസ്ത്രീയമായ ഉൾകാഴ്ച്ച എന്നിവയെ പ്രതിനിധീകരിക്കുന്നതാണ് നെഹ്റുവിന്റെ പൈതൃകം.ഇവയുടെ പ്രതിഫലനം തന്നെ വർഗീയതയ്ക്കും, ചങ്ങാത്ത മുതലാളിത്തം, സ്വേച്ഛാധിപത്യ ഭരണം എന്നിവയ്ക്ക് എതിരെ ഒരു പാഠമാകുന്നു. ബഹുസ്വരവും സമത്വപരവുമായ ഇന്ത്യയെക്കുറിച്ചുള്ള നെഹ്രുവിയൻ ദർശനം, ഇടുങ്ങിയതും കൂടുതൽ വിഭാഗീയവുമായ ആഖ്യാനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ചരിത്രത്തെ പുനർനിർമ്മിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഒരു തടസ്സമാണ് ഹേതുപൂർവ്വമല്ലാത്ത സിദ്ധാന്തത്തെ യുക്തികൊണ്ടും, സ്വേച്ഛാധിപത്യത്തെ സ്വാതന്ത്ര്യംകൊണ്ടും, വിഭാഗീയതയെ ഐക്യംകൊണ്ടും വെല്ലുവിളിച്ച നേതാവായിരുന്നു ജവാഹർലാൽ നെഹ്റു. ചരിത്രത്തിൽ ഇന്നും പ്രഭ പരത്തുന്ന അദ്ദേഹത്തെ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ നെഹ്റുവിന്റെ കാലിക പ്രസക്തിക്കുള്ള അംഗീകാരമാണ്.

യുവജനങ്ങൾക്ക് നെഹ്റു ഇന്നും ഒരു മാർഗദർശിയാണ് യുവതയെ ഇന്ത്യയുടെ നിർമ്മാണത്തിൽ പ്രധാന പങ്കാളികളായി നെഹ്റു കണ്ടിരുന്നു. അതുകൊണ്ടാണ് അദ്ദേഹം IIT, IIM, AIIMS പോലുള്ള ആധുനിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിച്ചത്. ഇനി വരാൻ പോകുന്ന തലമുറകൾക്കും നെഹ്റു ഒരു മാർഗദർശിയായിരിക്കും. വിദ്യാർത്ഥികൾക്കും യുവാക്കൾക്കും വേണ്ടി അദ്ദേഹം നടത്തിയ പ്രസംഗങ്ങൾ പുരോഗമനപരവും നീതിയുക്തവുമായ ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിൽ യുവതയുടെ പങ്കിനെ ഊന്നിപ്പറയുന്നതായിരുന്നു. "ഭാവി യുവതയുടേതാണ്. നമ്മുടെ രാഷ്ട്രനിർമാണ ചുമതല നിങ്ങളുടെ കൈകളിലായിരിക്കണം" എന്ന അദ്ദേഹത്തിന്റെ പ്രസ്താവന ഇന്ന് പോലും അനേകർക്ക് പ്രചോദനമാണ്. ഭിന്നിപ്പിലൂടെയല്ലാതെ കാഴ്ചപ്പാടിലൂടെ പ്രചോദനം നൽകാൻ കഴിയുന്ന നേതാക്കളെ തിരയുന്ന ഈ കാലത്ത് പ്രത്യേകിച്ചും.

നെഹ്റുവിന്റെ ഭരണം അടിസ്ഥാനപരമായി പഞ്ച സ്തംഭങ്ങളിൽ ഊന്നിയായിരുന്നു:

1. ചേരിചേരാ നയം ശീതയുദ്ധകാലത്തെ തന്ത്രപരമായ സ്വാതന്ത്ര്യം.
2. മതേതരത്വം- എല്ലാ മതങ്ങൾക്കും തുല്യ ബഹുമാനവും സംരക്ഷണവും.
3. സോഷ്യലിസം ആസൂത്രിത വികസനത്തിലൂടെ തുല്യമായ വിതരണം.
4. ജനാധിപത്യം- സ്ഥാപനപരമായ ശക്തി, അഭിപ്രായ സ്വാതന്ത്ര്യം, പൗരസ്വാതന്ത്ര്യം.
5. ശക്തമായ, ആധുനിക രാഷ്ട്രം രാഷ്ട്രനിർമ്മാണത്തിനുള്ള അടിസ്ഥാനമായി വ്യവസായവൽക്കരണവും അടിസ്ഥാന സൗകര്യങ്ങളും.

ഇന്ന്, ഈ തൂണുകൾ നാൾക്കു നാൾ ഭീഷണി നേരിടുകയാണ്. തന്ത്രപരമായ സ്വയംഭരണം പക്ഷപാതപരമായ സഖ്യങ്ങൾക്ക് വഴിമാറുന്നു. വർഗീയ വാചാടോപങ്ങൾ മതേതരത്വത്തെ ദുർബലപ്പെടുത്തുന്നു. സാമ്പത്തിക അസമത്വം അനിയന്ത്രിതമായി വളരുന്നു. ഭരണാധിപത്യത്തിന്റെ പേരിൽ പലപ്പോഴും വിയോജിപ്പുകൾ അടിച്ചമർത്തപ്പെടുന്നു. 'ശക്തമായ രാഷ്ട്രം' ഇപ്പോൾ നിരീക്ഷണത്തിലേക്കും അടിച്ചമർത്തലിലേക്കും ചായുകയാണ്.

ചരിത്രം എന്നത് തുടച്ചുമാറ്റാൻ കഴിയുന്ന ഒരു ബ്ലാക്ക്ബോർഡല്ല. കെട്ടിടങ്ങളിൽ നിന്ന് പേരുകൾ നീക്കം ചെയ്യാൻ കഴിയും, പക്ഷേ ആശയങ്ങൾ അത്ര എളുപ്പത്തിൽ മായ്ക്കാൻ കഴിയില്ല. നെഹ്റുവിന്റെ പൈതൃകം വഹിക്കുന്ന സ്ഥാപനങ്ങളുടെ പേരു മാറ്റാൻ കാണിക്കുന്ന ധൃതിയും അദ്ദേഹത്തിന്റെ ആദർശങ്ങളുടെ സ്വാധീനത്തെ ഭയപ്പെടുന്നു എന്നതിന്റെ തെളിവാണ്. അത് നെഹ്റുവിയൻ ആശയങ്ങളുടെ കാലിക പ്രസക്തിക്കുള്ള അംഗീകാരമാണ്.

ജവഹർലാൽ നെഹ്റുവിന്റെ പേര് ഫലകങ്ങളിൽ നിന്നും ലെറ്റർഹെഡുകളിൽ നിന്നും മാഞ്ഞുപോയേക്കാം, പക്ഷേ അദ്ദേഹത്തിന്റെ പൈതൃകം ഇന്ത്യയുടെ ഭരണഘടനയിലും സ്ഥാപനങ്ങളിലും ജനഹൃദയങ്ങളിലും മായാതെ പതിഞ്ഞ് കിടക്കും. ആധുനികവും മതേതരവും ജനാധിപത്യപരവുമായ ഒരു ഇന്ത്യയെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ദർശനം, എല്ലാവരെയും ഉൾക്കൊള്ളുന്നതും പുരോഗമനപരവുമായ ഒരു രാഷ്ട്രത്തിൽ വിശ്വസിക്കുന്നവരെ എക്കാലത്തും പ്രചോദിപ്പിച്ചു കൊണ്ടേയിരിക്കും.

നെഹ്റുവിന്റെ ഇന്ത്യ ഭൂതകാലത്തിന്റെ ഒരു അവശിഷ്ടമല്ല– അത് ഭാവിയിലേക്കുള്ള ഒരു പ്രതീക്ഷയാണ്. ഒരു പുനർനാമകരണത്തിനും അത് മായ്ക്കാൻ കഴിയില്ല.

# 'അയാൾക്ക് എന്തോ സംഭവിച്ചിട്ടുണ്ട്, എനിക്കത് തീരെ പിടിക്കുന്നില്ല'; പുതിനെതിരെ ട്രംപ്



വാഷിങ്ടൺ: വെടിനിർത്തൽ കരാറുമായി ബന്ധപ്പെട്ട ചർച്ചകൾക്കിടെ യുക്രൈനിൽ ഡ്രോൺ ആക്രമണം നടത്തിയതിനെതിരെ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. യുക്രൈനെ മുഴുവൻ ആക്രമിച്ച് കീഴടക്കാനാണ് ശ്രമിക്കുന്നതെങ്കിൽ അത് റഷ്യയുടെ നാശത്തിന് കാരണമാകുമെന്ന ട്രംപ് മുന്നറിയിപ്പ് നൽകി. ന്യൂജേഴ്സിയിൽവെച്ച് മാധ്യമങ്ങളെ കാണവേയാണ് റഷ്യൻ പ്രസിഡന്റ് വ്ളാദിമർ പുതിനെതിരെ ട്രംപ് രൂക്ഷമായ ഭാഷയിൽ പ്രതികരിച്ചത്.

'അയാൾ നിരപരാധികളെ കൊല്ലുകയാണ്. പുതിന് എന്താണ് സംഭവിച്ചത് എന്നെനിക്കറിയില്ല. അയാളെ ഏറെക്കാലമായി എനിക്കറിയാം. പക്ഷെ, നഗരങ്ങളിലേക്ക് റോക്കറ്റുകൾ അയച്ച് നിരപരാധികളെ കൊന്നുകൊണ്ടിരിക്കുകയാണ്. എനിക്കത് ഒട്ടും ഇഷ്ടപ്പെടുന്നില്ല. സമാധാന ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിനിടയിൽ കീവിലേക്കും മറ്റ് നഗരങ്ങളിലേക്കും റോക്കറ്റുകൾ അയയ്ക്കുകയാണ് ചെയ്യുന്നത്. പുതിൻ ചെയ്യുന്നത് എനിക്ക് തീരെ പിടിക്കുന്നില്ല. അയാൾ ആളുകളെ കൊന്നൊടുക്കുകയാണ്. അയാൾക്കെന്തോ കാര്യമായി പറ്റിയിട്ടുണ്ട്'- ട്രംപ് കൂട്ടിച്ചേർത്തു.

ഞായറാഴ്ച രാത്രി 367 ഡ്രോണുകളാണ് റഷ്യ യുക്രൈനിലേക്ക് പ്രയോഗിച്ചത്. 12 പേരാണ് ആക്രമണത്തിൽ കൊല്ലപ്പെട്ടത്. 266 ഡ്രോണുകളും 45 മിസൈലുകളും വെടിവെച്ചിട്ടുവെന്ന് യുക്രൈൻ അവകാശപ്പെടുന്നുണ്ടെങ്കിലും റഷ്യൻ ആക്രമണത്തിൽ വലിയ നാശനഷ്ടങ്ങളാണ് കീവിലും മറ്റ് നഗരങ്ങളിലും ഉണ്ടായത്. റഷ്യയുടെ ആക്രമണം 30 നഗരങ്ങളെയും ചില ഗ്രാമങ്ങളെയും ബാധിച്ചുവെന്ന് യുക്രൈൻ പ്രസിഡന്റ് വൊളോദിമിർ സെലെൻസ്കി വ്യക്തമാക്കിയിരുന്നു. യുദ്ധം തുടങ്ങിയതിനു ശേഷം ആദ്യമായാണ് റഷ്യ ഇത്രയും വലിയ ആകാശാക്രമണം നടത്തുന്നത്.

ഇരുരാജ്യങ്ങളും തമ്മിൽ യുദ്ധത്തിൽ പിടികൂടിയ സൈനികരെ പരസ്പരം കൈമാറിയതിന് തൊട്ടുപിന്നാലെയാണ് യുക്രൈന് നേരെ കടുത്ത ആക്രമണം റഷ്യ നടത്തിയത്.

# അറുതിവരാതെ മനുഷ്യ – വന്യജീവി സംഘർഷം



പതിറ്റാണ്ടുകളായി കേരളം ചർച്ചചെയ്യുന്ന വിഷയമാണ് 'മനുഷ്യ - വന്യജീവി സംഘർഷം'. സംസ്ഥാനത്തിന്റെ പലഭാഗങ്ങളിലും വന്യജീവികൾ മനുഷ്യജീവിതത്തിലും തിരിച്ചും അപകടകരമാംവിധം ഇടപെടുന്നുവെന്നത് കയ്പേറിയ യാഥാർത്ഥ്യമാണ്.

വനാന്തരങ്ങളിൽ സ്വൈര വിഹാരം നടത്തിയിരുന്ന പുള്ളിപ്പുലികൾ ഇന്ന് ജനവാസ കേന്ദ്രങ്ങളിൽ വിലസുകയാണ്.

കാട്ടാനകളുടെ ശല്യം വനമേഖലയിൽ താമസിക്കുന്നവരുടെ ഉറക്കം കെടുത്തുന്നു.

വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കഴിഞ്ഞ പത്തു വർഷത്തിനിടെ മാത്രം ജില്ലയിൽ കൊല്ലപ്പെട്ടത് 97 പേരാണ്. 133 പേർക്ക് പരിക്കേറ്റു. ഇതിൽ ഗുരുതരമായി പരിക്കേറ്റവർ 49 പേരുണ്ട്. കാട്ടുപന്നി കുറുകെ ചാടിയുണ്ടായ വാഹനാപകടം ഉൾപ്പെടെയാണിത്. 5 വർഷത്തിനിടെ കാട്ടാനയുടെ മാത്രം ആക്രമണത്തിൽ കൊല്ലപ്പെട്ടതു 19 പേരാണ്. അലനല്ലൂർ ചെല്ലങ്കാവ് സ്വദേശി ഉമ്മർ ആണ് ഇതിൽ ഒടുവിലത്തേത്. കൃഷിവകുപ്പിന്റെ കണക്കു പ്രകാരം നെൽക്കൃഷി ഉൾപ്പെടെ 313 ഏക്കർ കൃഷി നശിപ്പിച്ചു. മലമ്പുഴ എലിവാലിൽ രാത്രി വീട്ടിൽ കയറിയ പുലിയുടെ ആക്രമണത്തിൽ നിന്നു മൂന്നര വയസ്സുകാരി രക്ഷപ്പെട്ടതും കഞ്ചിക്കോട് കർഷകനെ കാട്ടാന ആക്രമിച്ചതും മലമ്പുഴയിൽ ഇരുചക്ര വാഹന യാത്രക്കാരായ മൂന്നു പേർ കാട്ടാനയുടെ ആക്രമണത്തിൽ നിന്നു രക്ഷപ്പെട്ടതും ഈ ആഴ്ച തന്നെ. ഇത്രയൊക്കെ നടന്നിട്ടും സർക്കാരും വനംവകുപ്പും ശാശ്വത നടപടികളൊന്നും സ്വീകരിക്കുന്നില്ലെന്നതാണ് ഏറ്റവും വിചിത്രമായ കാര്യം.

മനുഷ്യ - വന്യജീവി സംഘർഷത്തിന് ഹേതുവായി പലവിധകാരണങ്ങളാണ് പറയുന്നത്. വന്യജീവികളുടെ എണ്ണത്തിലുണ്ടായ വർദ്ധന, സ്വഭാവത്തിലുണ്ടാകുന്ന വ്യതിയാനങ്ങൾ, പുതിയ മേച്ചിൽപ്പുറങ്ങൾ തേടിയുള്ള പ്രയാണം തുടങ്ങിയവ ഒരുവിഭാഗം ചൂണ്ടിക്കാണിക്കുന്നു. കാടും - നാടും തമ്മിൽ വേർതിരിക്കുക, ശല്യക്കാരാകുന്ന വന്യജീവികളെ പിടിച്ചുമാറ്റുകയോ കൊന്നൊടുക്കുകയോ ചെയ്യുക, അവയുടെ പ്രജനനം നിയന്ത്രിക്കുക തുടങ്ങിയ പരിഹാരമാർഗങ്ങൾ ഈ വാദക്കാർ മുന്നോട്ടും വെക്കുന്നു. എന്നാൽ, മനുഷ്യനും വന്യജീവികളും തമ്മിലുള്ള ഇടപെടലുകൾ എല്ലാകാലത്തും നിലനിന്നിരുന്നു. വന്യജീവികളുടെ എണ്ണത്തിൽ വർദ്ധനയുണ്ടായിട്ടില്ലെന്നും മനുഷ്യവന്യജീവി സംഘർഷത്തിന്റെ മൂലകാരണം നാംതന്നെയാണെന്നും വാദിക്കുന്ന മറുവിഭാഗവുമുണ്ട്. അശാസ്ത്രീയവും അനിയന്ത്രിതവുമായ വികസനപ്രവർത്തനങ്ങളും കൈയേറ്റവുംമൂലം ആവാസവ്യവസ്ഥകളുടെ വിസ്തീർണവും ആരോഗ്യവും നഷ്ടപ്പെട്ടതിനാലാണ് മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം കൂടുതലായി അനുഭവപ്പെടാൻ തുടങ്ങിയതെന്നും ഇവർ വാദിക്കുന്നു. വാദങ്ങളും മറുവാദങ്ങളും നടക്കുമ്പോഴും മനുഷ്യ - വന്യജീവി സംഘർഷം തടയാൻ സംസ്ഥാന സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം ശക്തമാണ്. സർക്കാർ പ്രഖ്യാപിച്ച പദ്ധതികളാവട്ടെ പലതും വെളിച്ചം കണ്ടില്ല. ഈ വർഷം വന്യജീവി ആക്രമണം കുറയ്ക്കാൻ 10 പുതിയ കർമ പദ്ധതികളാണു വനം വകുപ്പ് പ്രഖ്യാപിച്ചത്.

**പൂർത്തിയാവാതെ സൗരോർജ വേലി**

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട്, നെന്മാറ, മലമ്പുഴ, ധോണി, കൊട്ടേക്കാട്, വാളയാർ, മുണ്ടൂർ, കോങ്ങാട്, കഞ്ചിക്കോട്, അലനല്ലൂർ, അട്ടപ്പാടി, കൊല്ലങ്കോട് ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ സൗരോർജവേലി നീട്ടുമെന്നും വന്യമൃഗങ്ങളെത്തുന്നതു പുതുതായി കണ്ടെത്തിയ സ്ഥലങ്ങളിൽ വേലി സ്ഥാപിക്കുമെന്ന് പ്രഖ്യാപനമുണ്ടായെങ്കിലും നടപ്പായില്ല. ഉള്ളിടത്തു തന്നെ പരിപാലനമില്ലാതെ നശിച്ചു. കാഞ്ഞിരപ്പുഴ പാമ്പാംതോട് മുതൽ തവളക്കല്ല് വരെ 7 കിലോമീറ്റർ ദൂരത്തിൽ സൗരോർജവേലി ഈയിടെ സ്ഥാപിച്ചതൊഴിച്ചത് മാത്രമാണ് ആശ്വാസം.

**പ്രഖ്യാപിച്ച പദ്ധതികളും അവസ്ഥയും**

വേനലിൽ കാട്ടരുവികൾ വറ്റിയതും ഭക്ഷണം കുറഞ്ഞതുമാണു ജനവാസമേഖലയിലേക്കു വന്യമൃഗങ്ങൾ എത്താൻ കാരണമെന്നാണു വനംവകുപ്പിന്റെ വാദം. നേരത്തെ വേനലിൽ മാത്രം നാട്ടിലിറങ്ങിയിരുന്ന കാട്ടാനകൾ ഇപ്പോൾ മഴക്കാലത്ത് ഉൾപ്പെടെ ഇറങ്ങുന്നുണ്ട്. വന്യമൃഗങ്ങൾക്കായി വേനൽക്കാലത്തു കൃത്രിമ തടയണകളും മറ്റും നിർമ്മിച്ചു വെള്ളവും ഭക്ഷണവും എത്തിക്കുന്നതിനു പദ്ധതി ഈ വർഷം കാര്യക്ഷമമായി നടത്താൻ കഴിഞ്ഞില്ല. ഫണ്ട് ഇല്ലാത്തതിനാൽ ചിലയിടത്തു മാത്രമാണു തടയണ നിർമ്മിച്ചത്. കാട്ടുപന്നിശല്യം തടയാൻ പഞ്ചായത്തുകൾക്ക് വനംവകുപ്പ് സഹായം എത്തിക്കുമെന്നു പ്രഖ്യാപിച്ചെങ്കിലും നടപ്പായില്ല. മറ്റുപദ്ധതികൾ:

1. വന്യമൃഗങ്ങൾ കാടിറങ്ങുന്നതു കണ്ടെത്തി ജനത്തെ അറിയിക്കാൻ ചിലയിടങ്ങളിൽ നിരീക്ഷണ കാമറകൾ സ്ഥാപിച്ചെങ്കിലും ജനത്തെ അറിയിക്കാൻ നടപടിയില്ല. നിർമ്മിതബുദ്ധിയുടെ സഹായത്തോടെ വന്യമൃഗങ്ങളുടെ വരവ് ജനത്തെ അറിയിക്കുന്ന പദ്ധതി നടപ്പാക്കിയത് ഒലവക്കോട് സെക്ഷനിൽ മാത്രം.
2. കൂടുതൽ ദ്രുതകർമ സേനകളുടെ (ആർ.ആർ.ടി) രൂപീകരണം ജില്ലയിൽ സ്ഥിരമായി മൂന്ന് ആർ.ആർ.ടികൾ മാത്രം, കൂടുതൽ രൂപീകരിച്ചില്ല.
3. ആക്രമണങ്ങളിൽ നിന്നു രക്ഷപ്പെടുന്നതിനു ഗോത്ര സമൂഹങ്ങളുടെ പ്രാദേശിക അറിവ് പ്രയോജനപ്പെടുത്തും സെമിനാറുകൾ നടത്തിയതല്ലാതെ പ്രായോഗികമാക്കിയില്ല.
4. വന്യജീവികൾക്കു ഭക്ഷണവും വെള്ളവും വനത്തിനുള്ളിൽ ഉറപ്പു വരുത്തും ഈ വർഷം നടപ്പാക്കിയില്ല
5. കുരങ്ങുകളുടെ ശല്യം നിയന്ത്രിക്കുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തും നടപ്പായില്ല
6. കാട്ടുപന്നി ശല്യം നിയന്ത്രിക്കുന്നതിനു പഞ്ചായത്തുകൾക്കു വനംവകുപ്പിന്റെ സഹായം ഒരു പഞ്ചായത്തിനും ലഭിച്ചില്ല
7. സൗരോർജ വേലികളുടെ നിർമാണം പരമാവധി പൂർത്തിയാക്കും ഈ വർഷം കാഞ്ഞിരപ്പുഴയിൽ മാത്രം. മുൻ വർഷങ്ങളിൽ നിർമിച്ചതു പരിപാലിക്കാനും പദ്ധതിയില്ല.
8. കാടുപിടിച്ചു കിടക്കുന്ന എസ്റ്റേറ്റുകളുടെ ഉടമകൾ അടിയന്തരമായി കാടു നീക്കം ചെയ്യണം ചിലയിടത്തു നടപ്പായി, ഇവ ഉറപ്പാക്കാനും നടപടി സ്വീകരിക്കാനും സംവിധാനമില്ല.
9. വനത്തിലൂടെ കടന്നു പോകുന്ന റോഡുകളുടെ സമീപത്തെ അടിക്കാടുകൾ നീക്കം ചെയ്യണം ചിലയിടത്തു നടപ്പാക്കി.
10. ഹോട്സ്പോട്ടുകളായ പഞ്ചായത്തുകളിൽ നിരീക്ഷണം ആരംഭിക്കും പഞ്ചായത്തുകളുടെ സമ്മർദം കാരണം ആകെ നടപ്പാക്കിയത് 5 പഞ്ചായത്തുകളിൽ.

**77 പഞ്ചായത്തുകളും ഹോട് സ്പോട്ടിൽ**

ജില്ലയിലെ 88 പഞ്ചായത്തുകളിൽ 77 എണ്ണത്തിലും 7 നഗരസഭകളിൽ 5 എണ്ണത്തിലും വന്യമൃഗശല്യമുണ്ടെന്നാണു കൃഷി വകുപ്പിന്റെ റിപ്പോർട്ട്. കാട്ടാനശല്യം രൂക്ഷമായ 36 പഞ്ചായത്തുകളാണ് ജില്ലയിലുള്ളത്. വന്യമൃഗ ശല്യം കൂടുതലായ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതമാക്കിയാൽ മാത്രമേ ജില്ലയിലെ വന്യമൃഗ - മനിഷ്യ സംഘർഷത്തിന് പരിഹാരമാകുകയുള്ളൂ.

**ചക്ക തേടി ആനയെത്തും**

ചക്ക പഴുക്കുന്നതോടെ ഇവ ഭക്ഷിക്കാൻ മണം പിടിച്ച് കാട്ടാനകൾ ജനവാസ മേഖലയിൽ എത്തുന്നതാണ് ആക്രമണം കൂടുന്നതിന്റെ പ്രധാന കാരണമെന്നാണു വനംവകുപ്പിന്റെ വിലയിരുത്തൽ. വനത്തിനോടു ചേർന്ന കൃഷി ഭൂമികളിലെ ചക്ക പഴുക്കും മുൻപ് പ്ലാവിൽ നിന്നു നീക്കം ചെയ്യുന്നതിനുള്ള തദ്ദേശ സ്ഥാപനങ്ങൾ മുൻകൈ എടുക്കണമെന്നാണ് ആവശ്യം. ചക്ക പഴക്കുന്നതിനു മുൻപേ മൂല്യവർധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്നതു പ്രോൽസാഹിപ്പിക്കണമെന്നും നിർദേശമുണ്ട്. പൈനാപ്പിൾ, മാങ്ങ എന്നിവയുടെയും മണം പിടിച്ച് കാട്ടാനകളെത്താറുണ്ട്.

# പ്രഥമ കോളേജ് സ്പോർട്സ് ലീഗ് ഫിക്സചർ പുറത്തിറക്കി

കായിക വകുപ്പും, ഉന്നത വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നടത്തുന്ന പ്രഥമ കോളേജ് സ്പോർട്സ് ലീഗിന്റെ ഫുടബോൾ മത്സരങ്ങളുടെ ഫിക്സചർ പുറത്തിറക്കി. കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് യു ഷറഫലിയാണ് ഫിക്സചർ പുറത്തിറക്കിയത്. കേരളത്തിലെ നാല് യൂണിവേഴ്സിറ്റികളിൽ നിന്നായി പതിനാറു ടീമുകളാണ് മത്സരത്തിൽ മാറ്റുരയ്ക്കുന്നത്. പ്രഥമ മത്സരത്തിൽ വളാഞ്ചേരി എം ഇ എസ് കോളേജ് കണ്ണൂർ എസ് എൻ കോളേജിനെ നേരിടും. പതിനാറു ടീമുകളെ നാല് പൂളുകളായി തി രിച്ചു നടക്കുന്ന മത്സരങ്ങളിൽ നിന്ന്, ഗ്രൂപ്പ് ജേതാക്കൾ സൂപ്പർ ലീഗിലേക്ക് കടക്കും. സൂപ്പർ ലീഗിൽ പോയിന്റ് നിലയിൽ മുന്നിൽ നിൽക്കുന്ന ടീം ജേതാക്കളാവും. വളാഞ്ചേരി എം ഈ എസ് കോളേജ്, എസ എൻ കോളേജ് കണ്ണൂർ, തുമ്പ സെന്റ് സേവിയേഴ്സ് കോളേജ്, മൂവാറ്റുപുഴ നിർമ്മല കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, ഗുരുവായൂർ ശ്രീകൃഷ്ണ കോളേജ്, കുസാറ്റ്, തിരുവനന്തപുരം എൽ എൻ സി പി ഇ, തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജ്, ബസേലിയസ് കോളേജ് കോട്ടയം, ഇസഡ് ജി സി കാലിക്കറ്റ്, കാലടി എസ് എസ് യൂണിവേഴ്സിറ്റി, പയ്യന്നൂർ ഗവൺമെന്റ് കോളേജ്, എസ് എൻ കോളേജ് കൊല്ലം, എം എ കോളേജ് കോതമംഗലം, എസ് കെ വി സി തൃശൂർ എന്നീ കോളേജുകളാണ് പ്രഥമ കോളേജ് സ്പോർട്സ് ലീഗ് ഫുടബോൾ മത്സരങ്ങളിൽ പങ്കെടുക്കുക. കനത്ത മഴയും മലപ്പുറം ജില്ലയിലെ ഇലക്ഷൻ പെരുമാറ്റ ചട്ടം നിലവിൽ വന്നതും മൂലം 26നു നടക്കേണ്ട ഉദ്ഘാടനവും 27 മുതൽ തുടങ്ങേണ്ട മത്സരങ്ങളും മാറ്റിവയ്ച്ചിട്ടുണ്ട്. പുതുക്കിയ തിയ്യതികൾ പിന്നീട് പ്രഖ്യാപിക്കും.

# ആൽപ്സ് പ്രീമിയം ഐസ്ക്രീം വിപണിയിൽ




കോഴിക്കോട് : കൃത്രിമ രുചിക്കൂട്ടുകളോ സിന്തറ്റിക് നിറങ്ങളോ ചേർക്കാത്ത തീർത്തും പ്രകൃതിദത്തമായ പുതിയ പ്രീമിയം ഐസ്ക്രീം ആൽപ്സ് വിപണിയിൽ. 100 ശതമാനം പ്രകൃതിദത്ത വിഭവങ്ങളിൽ നിന്ന് തയ്യാറാക്കുന്ന ആൽപ്സ് നാചറൽ, ഉയർന്ന പോഷക ഗുണങ്ങളും കുറഞ്ഞ കലോറിയും ഉള്ള ആൽപ്സ് സീറോ ഷുഗർ ആഡഡ് ഐസ്ക്രീം, ഇന്ത്യയിലെ ആദ്യത്തെ തൈര് ഉൽപ്പന്നമായ ആൽപ്സ് യോഗർട്ട് ഐസ്ക്രീം, ഇറ്റലിയിൽ നിന്ന് ഇറക്കുമതി ചെയ്ത ചേരുവകൾ ചേർത്ത ആൽപ്സ് ഇറ്റാലിയ തുടങ്ങിയ ഇനങ്ങളാണ് ആൽപ്സ് വിപണിയിൽ എത്തിക്കുന്നത്. ആരോഗ്യദായകമായ പ്രീബയോട്ടിക്, പ്രോബയോട്ടിക് രീതികൾ ഉപയോഗിച്ചാണ് ഐസ്ക്രീമുകൾ നിർമ്മിക്കുന്നത്. ഗുണമേന്മയ്ക്കുള്ള അംഗീകാരമായ ഐഎസ്ഒ 9001,HACCP, HALAL സർട്ടിഫിക്കേഷനുകൾ നേടിയാണ് ആൽപ്സ് ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നത്. കോഴിക്കോട് കൊളത്തറയിൽ പ്രവർത്തിക്കുന്ന ബ്ലൂ മൌണ്ട് പ്രീമിയം ഡയറി എൽ എൽ പി ആണ് പുതിയ ഐസ്ക്രീം ബ്രാൻഡുമായി വിപണി കീഴടക്കാൻ എത്തുന്നത്. വാർത്താസമ്മേളനത്തിൽ സി ഇ ഒ ജാബിർ റഹ്മാൻ, സി എം ഡി ഫർഹാൻ റഹ്മാൻ, ഡയറക്ടർ ഇമ്മാനുവൽ ജോണി, മാഹിർ മാളിയേക്കൽ എന്നിവർ പങ്കെടുത്തു.

# എവറസ്റ്റ് കീഴടക്കുന്ന ആദ്യ കാഴ്ച വൈകല്യമുള്ള വനിതയായി ആങ്മോ

## യൂണിയൻ ബാങ്ക് ജീവനക്കാരി ചോൻസിൻ ആങ്മോക്ക് ചരിത്ര നേട്ടം






മുംബയ്: ലോകത്തിലെ ഏറ്റവും ഉയരമുള്ള കൊടുമുടിയിൽ എത്തുന്ന കാഴ്ച്ചാ വെല്ലുവിളി നേരിടുന്ന ആദ്യ സ്ത്രീയായി ചോൻസിൻ ആങ്മോ ചരിത്രത്തിൽ പേര് രേഖപ്പെടുത്തി. യൂണിയൻ ബാങ്ക് ഒഫ് ഇന്ത്യയിലെ ജീവനക്കാരിയായ 29 കാരി ആങ്മോ എവറസ്റ്റ് യാത്രക്കു മുൻപ് സിയാച്ചിൻ കുമാർ പോസ്റ്റ് (15632 അടി), ലഡാക്കിലെ പേരിടാത്ത കൊടുമുടി (19717 അടി) പോലെയുള്ള നിരവധി കൊടുമുടികൾ കീഴടക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിനുള്ള 'സർവശ്രേഷ്ഠ ദിവ്യാംഗർ' വിഭാഗത്തിൽ, 2024 ലെ ദേശീയ അവാർഡ് രാഷ്ട്രപതിയിൽ നിന്ന് ആങ്മോക്ക് ലഭിച്ചു. മരുന്നിനോടുള്ള പ്രതികരണം കാരണം എട്ടാം വയസിൽ കാഴ്ച നഷ്ടപ്പെട്ട ആങ്മോയുടെ യാത്ര അവരുടെ സഹിഷ്ണുതയ്ക്കും ധൈര്യത്തിനും തെളിവാണ്. ധൈര്യം, പ്രതിരോധശേഷി, ദൃഢനിശ്ചയം എന്നിവ പ്രതികൂല സാഹചര്യങ്ങളെ എങ്ങനെ മറികടക്കുമെന്നതിന്റെ തിളക്കമാർന്ന ഉദാഹരണമാണ് ആങ്മോയുടെ നേട്ടം.

# വി.കെ.സി ഗ്ലോബൽ കോൺഫ്ലുവൻസിൽ ചരിത്ര പങ്കാളിത്തം



കൊച്ചി: വി.കെ.സി ഗ്ലോബൽ മലേഷ്യയിൽ സംഘടിപ്പിച്ച കോൺഫ്ലുവൻസിൽ റെക്കാഡ് പങ്കാളിത്തം. ഡീലർമാരെ ആദരിക്കുന്നതിനും അവരുടെ സംഭാവനകൾക്ക് നന്ദി പറയുന്നതിനുമാണ് ചടങ്ങ് സംഘടിപ്പിച്ചത്. ലോകത്തിലെ ആദ്യത്തെ 100 ശതമാനം സുസ്ഥിരത ഉറപ്പാക്കുന്ന ഫുട്ട്‌വയർ ബ്രാൻഡായ ഗോ പ്ലാനറ്റ്-ഡി ബൈ ഡിബോംഗോയുടെ പ്രകാശനവും ഇതോടൊപ്പം നടന്നു. ഇന്ത്യാസ് വി.കെ.സി എന്ന ബ്രാൻഡിന്റെ പ്രതിബദ്ധതയും ശക്തമായ പങ്കാളിത്തവും വ്യക്തമാക്കുന്നതാണ് അഞ്ച് ദിവസം നീണ്ടുനിന്ന ഈ പരിപാടി. ഇന്ത്യാസ് വി.കെ.സി പ്രതിനിധീകരിക്കുന്ന ലക്ഷ്യബോധം, പങ്കാളിത്തം, പുരോഗതി എന്നീ മൂല്യങ്ങളുടെ ആഘോഷമാണിതെന്ന് കമ്പനിയുടെ സ്ഥാപകനും ചെയർമാനുമായ വി. കെ. സി. മമ്മദ് കോയ പറഞ്ഞു. നൂതന ആശയം ആഗോളതലത്തിൽ അവതരിപ്പിക്കാൻ സാധിച്ചതിൽ അഭിമാനമുണ്ടെന്ന് ഇന്ത്യാസ് വി.കെ.സി മാനേജിംഗ് ഡയറക്ടറും ലോകത്തിലെ ആദ്യത്തെ 100 ശതമാനം സുസ്ഥിരതയുള്ള ഫുട്‌വെയറിന്റെ ഡിസൈനറുമായ വി.കെ.സി റസാക്ക് പറഞ്ഞു. ലോകത്ത് ഒരു വർഷം നിർമ്മിക്കുന്ന 2.3 കോടി ചെരുപ്പുകളിൽ 90 ശതമാനവും ഉപയോഗശേഷം മാലിന്യകുപ്പകളിൽ ഉപേക്ഷിക്കുകയാണ്. ഉപയോഗ ശേഷം ചെരുപ്പ് ഉപഭോക്താക്കൾക്ക് തിരിച്ചുനൽകാൻ ഓൺലൈൻ പ്ലാറ്റ്ഫോം ആദ്യമായി ഒരുക്കിയത് വി.കെ.സി റസാക്കാണ്.


# 9,000 കോടിയുടെ ഏറ്റെടുക്കൽ: അക്സോ നോബൽ ജെ.എസ്.ഡബ്ല്യുവിന്റെ സ്വന്തമാകും




രാജ്യത്തെ കോർപറേറ്റ് മേഖല മറ്റൊരു ഏറ്റെടുക്കലിനുകൂടി സാക്ഷ്യംവഹിക്കുന്നു. വാഹന പെയിന്റ് മേഖലയിലെ വൻകിട കമ്പനിയ അക്സോ നോബൽ ഇന്ത്യയെ ജെ.എസ്.ഡബ്ല്യു പെയിന്റ്സ് ഏറ്റെടുക്കും. 9,000 കോടി രൂപയുടേതാണ് ഇടപാട്. ഇതോടെ അക്സോ നോബലിന്റെ 74.76 ശതമാനം ഓഹരികൾ ജെ.എസ്.ഡബ്ല്യുവിന് സ്വന്തമാകും. ഡച്ച് ബഹുരാഷ്ട്ര കമ്പനിയുടെ ഇന്ത്യൻ യൂണിറ്റിന് 12,000 കോടി രൂപയാണ് മൂല്യം കണക്കാക്കിയിട്ടുള്ളത്. വിപണി വിലയേക്കാൾ 25 ശതമാനം കുറഞ്ഞ നിരക്കാണിത്. 16,380 കോടി രൂപയാണ്. അക്സോ നോബൽ ഇന്ത്യയുടെ വിപണി മൂല്യം. 3,512 രൂപ നിലവാരത്തിലാണ് തിങ്കളാഴ്ച രാവിലെ ഓഹരിയിൽ വ്യാപാരം നടന്നത്. ഒരു വർഷത്തിനിടെ 40 ശതമാനത്തോളം മുന്നേറ്റമാണ് ഓഹരിയിലുണ്ടായത്. ഇടപാടുകൾക്ക് പിന്നാലെ 26 ശതമാനം ഓഹരികളുടെ വില്പനയ്ക്കായി ഓപ്പൺ ഓഫർ പ്രഖ്യാപിച്ചേക്കും. ജൂൺ 30നകം ഓഹരി വാങ്ങൽ കരാർ അന്തിമഘട്ടത്തിലെത്തുമെന്നാണ് റിപ്പോർട്ടുകൾ. പണ സമാഹരണത്തിനായി കെ.കെ.ആർ, ഏരീസ് ക്യാപിറ്റൽ, ഗോൾഡ്മാൻ സാച്സ് തുടങ്ങിയ ക്രെഡിറ്റ് ഫണ്ടുകളുമായി ചർച്ചയിലാണെന്ന് നേരത്തെ റിപ്പോർട്ടുകളുണ്ടായിരുന്നു. കരാർ യാഥാർഥ്യമാകുന്നതോടെ രാജ്യത്തെ അലങ്കാര പെയിന്റ് വിപണിയിൽ നാലാം സ്ഥാനത്തേയ്ക്കും വ്യാവസായിക വിഭാഗത്തിൽ രണ്ടാം സ്ഥാനത്തേയ്ക്കും ജെ.എസ്.ഡബ്ല്യു പെയിന്റ്സ് ഉയരുമെന്നാണ് വിലയിരുത്തൽ. അക്സോയ്ക്ക് ഏഴ് ശതമാനം വിപണി വിഹിതമാണ് രാജ്യത്തുള്ളത്. മൂന്ന് ദശാബ്ദത്തിനിടെ രാജ്യത്തെ പെയിന്റ് വ്യവസായം നേരിട്ട ഏറ്റവും മോശം സാഹചര്യമായിരുന്നു 2025ലേത്. ആദിത്യ ബിർള ഗ്രൂപ്പിന്റെ ബിർള ഓപസ് വിപണിയിലെത്തിയതോടെ മത്സരം വർധിച്ചതാണ് കാരണം. 2025 സാമ്പത്തിക വർഷത്തിൽ വ്യാവസായിക ആവശ്യത്തിൽ 4-5 ശതമാനം കുറവുണ്ടാകുകയും ചെയ്തു.

# 'വേൾഡ് ഹംഗർ ഡേ' മലബാർ ഗോൾഡ് സി.എസ്.ആർ ദിനമായി ആചരിക്കുന്നു

## പ്രഖ്യാപനം നാളെ ന്യൂഡൽഹിയിൽ




കോഴിക്കോട് : 'വേൾഡ് ഹംഗർ ഡേയായ' മെയ് 28 എല്ലാവർഷവും സി.എസ്.ആർ ദിനമായി ആചരിക്കാൻ മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിന് നേതൃത്വം നൽകുന്ന മലബാർ ഗ്രൂപ്പ് തീരുമാനിച്ചു. കമ്പനിയുടെ ഒരു വർഷത്തെ കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്ത (സി.എസ്.ആർ) പദ്ധതികൾ നാളെ ന്യൂഡൽഹിയിൽ പ്രഖ്യാപിക്കും. ന്യൂഡൽഹി ജൻപഥിലെ ഡോ.അംബേദ്കർ ഇന്റർനാഷണൽ സെന്ററിൽ നടക്കുന്ന ചടങ്ങിൽ നീതി ആയോഗ് മുൻ സി.ഇ.ഒയും ജി-20 ഷെർപ്പയുമായ അമിതാഭ്കാന്ത് മുഖ്യാതിഥിയാകും. മലബാർ ഗോൾഡിന്റെ എല്ലാ ഷോറൂമുകളിലും സി.എസ്.ആർ ദിനം പ്രമാണിച്ച് വിവിധ പരിപാടികൾ സംഘടിപ്പിക്കും. മലബാർ ഗ്രൂപ്പ് സി.എസ്.ആർ പ്രവർത്തനങ്ങൾക്ക് ഒരു വർഷം വകയിരുത്തുന്ന തുകയിൽ 60 ശതമാനം പട്ടിണിയും ദാരിദ്ര്യവും ഇല്ലാതാക്കാനാണ് ചെലവഴിക്കുന്നത്. ഹംഗർ ഫ്രീ വേൾഡ് പദ്ധതിയിൽ ഇപ്പോൾ ഇന്ത്യയിലും വിദേശത്തുമായി 70,000 ഭക്ഷണപ്പൊതികളാണ് ഒരു ദിവസം വിതരണം ചെയ്യുന്നത്.

# ഗുണനിലവാരം നിയന്ത്രിക്കണമെന്ന് റബർ ഗ്ലൗസ് നിർമ്മാതാക്കൾ



കൊച്ചി: മെഡിക്കൽ ആൻഡ് സർജിക്കൽ ഗ്ലൗസ് (ഗുണനിലവാര നിയന്ത്രണ) കരാർ എത്രയും വേഗം നടപ്പാക്കണമെന്ന് ഇന്ത്യൻ റബർ ഗ്ലൗസ് മാനുഫാകച്ചേഴ്സ് അസോസിയേഷൻ ആവശ്യപ്പെട്ടു. പുതിയ നിയമത്തിന്റെ വിജ്ഞാപനത്തോടെ ബി.ഐ.എസ് സർട്ടിഫൈഡ് അല്ലാത്ത കയ്യുറകളുടെ നിർമ്മാണം, സംഭരണം, വിൽപ്പന എന്നിവയ്ക്ക് നിരോധനമുണ്ടാകും. കെമിക്കൽസ് ആൻഡ് ഫെർട്ടിലൈസേഴ്സ് മന്ത്രാലയത്തിന് കീഴിലുള്ള ഫാർമസ്യൂട്ടിക്കൽസ് വകുപ്പ് അവതരിപ്പിച്ച നിയമത്തിൽ ഇറക്കുമതി ചെയ്തതും ആഭ്യന്തരമായി നിർമ്മിക്കുന്നതുമായ എല്ലാ മെഡിക്കൽ, സർജിക്കൽ ഗ്ലൗസുകൾക്കും ബ്യൂറോ ഒഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്സ് (ബി.ഐ.എസ്) സർട്ടിഫിക്കേഷൻ നിർബന്ധമാക്കുന്നു. പൊതുജനാരോഗ്യം സംരക്ഷിക്കുന്നതിനും ആഭ്യന്തര ഗ്ലൗസ് നിർമ്മാണ മേഖലയെ പിന്തുണയ്ക്കുന്നതിനുമുള്ള സർക്കാരിന്റെ നിർണായക നടപടിയെ ഗ്ലൗസ് നിർമ്മാതാക്കൾ സ്വാഗതം ചെയ്യുന്നുവെങ്കിലും നടപ്പാക്കുന്നതിലെ കാലതാമസത്തെക്കുറിച്ച് വ്യവസായ ലോകം ആശങ്കാകുലരാണ്. '

**അശാസ്ത്രീയമായി കയ്യുറകൾ വലിച്ചെറിയുന്നു**

നിയന്ത്രണ ലംഘനങ്ങളും നിലവാരമില്ലാത്ത കയ്യുറകൾ നിയമവിരുദ്ധമായി വലിച്ചെറിയുന്നതും വർദ്ധിച്ചുവരികയാണെന്ന് ഇന്ത്യൻ റബ്ബർ ഗ്ലൗസ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ (ഐ.ആർ.ജി.എം.എ) സെക്രട്ടറി മൻമോഹൻ ഗുലാത്തി പറഞ്ഞു.

**ഗുണനിലവാരമില്ലാത്ത ഉത്പന്നങ്ങൾ കൂടുന്നു**

ഗുണനിലവാരം കുറഞ്ഞതും നിലവാരം കുറഞ്ഞതുമായ കയ്യുറകളുടെ കടന്നുകയറ്റത്തിനെതിരെ മത്സരിക്കാൻ പാടുപെടുന്ന ആഭ്യന്തര നിർമ്മാതാക്കൾക്ക് പുതിയ സാഹചര്യം വഴിത്തിരിവാകും

കെ. അനിന്ദിത്ത് റെഡ്ഡി
മാനേജിംഗ് ഡയറക്ടർ
എൻലിവ - വാദി സർജിക്കൽസ്


# ഗെയിം ഡെവലപ്പർ അസോസിയേഷൻ കൊച്ചി പതിപ്പ്




കൊച്ചി: ഗെയിം ഡെവലപ്പർ അസോസിയേഷൻ ഒഫ് ഇന്ത്യയുടെ(ജി.ഡി.എ.ഐ) ഡെവലപ്പർ ഡേയ്സ് 2025 കൊച്ചി പതിപ്പ് മെയ് 27ന് കളമശേരിയിലെ കേരള സ്റ്റാർട്ട്-അപ്പ് മിഷനിൽ നടക്കും. ഇന്ത്യയിലെ ഗെയിം ഡെവലപ്പർമാരെ ശാക്തീകരിക്കുന്നതിനായി രാജ്യവ്യാപകമായി സംഘടിപ്പിക്കുന്ന സംരംഭമാണിത്. ഗെയിം വികസന മേഖലയുടെ വളർച്ചയ്ക്കായി ഡെവലപ്പർമാർ, പ്രസാധകർ, നിക്ഷേപകർ എന്നിവരെ ഒരുമിച്ച് കൊണ്ടുവരുകയാണ്. പുതിയ പങ്കാളിത്തങ്ങൾ വളർത്തിയെടുക്കുന്നതിനായി നിക്ഷേപക-പ്രസാധക മീറ്റപ്പുകളും, പ്രാദേശിക സ്റ്റുഡിയോകൾക്കും ഡെവലപ്പർമാർക്കും ഗെയിമുകളും പ്രോട്ടോടൈപ്പുകളും പ്രദർശിപ്പിക്കാൻ പ്രദർശന വേദിയും ഉണ്ടാകും. ക്രാഫ്റ്റൺ ഇന്ത്യയിലെ അനുജ് സഹാനി, മെറ്റാഷോട്ടിലെ പ്രിൻസ് ജേക്കബ് തോമസ്, ഡൈനാമിക് നെക്സ്റ്റിലെ ജിം ജോസ്, ഈതർ ഗെയിംസിലെ ഗോകുൽ ഇളയിടത്ത്, കേരള സ്റ്റാർട്ട്-അപ്പ് മിഷനിലെ ടോം തോമസ് എന്നിവർ പങ്കെടുക്കും. ഗെയിം ഡിസൈൻ, പ്രോഗ്രാമിംഗ്, കല, നിയമ ചട്ടക്കൂടുകൾ, ഫണ്ട്റൈസിംഗ്, പ്രസിദ്ധീകരണം തുടങ്ങിയ മേഖലകളെ ഉൾക്കൊള്ളുന്ന വർക്ക്ഷോപ്പുകളും മാസ്റ്റർക്ലാസുകളും, ബിസിനസ് തന്ത്രങ്ങൾ, വൈദഗ്ദ്ധ്യം, നവീകരണം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന നിക്ഷേപകർ, സ്റ്റുഡിയോ മേധാവികൾ, മെന്റർമാർ എന്നിവരുമായി പാനൽ ചർച്ചകളുമുണ്ടാകും.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran, Executive Editor: K. R. Krishna Kumar,News Editor : T . K Chithra (Responsible for selection of news under PRB Act 1867). Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com

# അശ്ലീല സിനിമ ചെയ്യാൻ ഭ്രാന്തുണ്ടോ എന്ന് ചോദിച്ചവരുണ്ട് ജിസ്മിൽ അഭിനയിച്ചതിനെക്കുറിച്ച് ബിപാഷ






ജിസ്മ് എന്ന സിനിമയെ തന്റെ ബോളിവുഡ് കരിയറിലെ ഒരു പ്രധാന അധ്യായമായാണ് കാണുന്നതെന്ന് നടി ബിപാഷ ബസു. എന്നാൽ, പ്രായപൂർത്തിയായവർക്ക് മാത്രമുള്ള ഉള്ളടക്കം കാരണം പലരും ഈ സിനിമ ചെയ്യരുതെന്ന് തന്നെ ഉപദേശിച്ചിരുന്നുവെന്നും അവർ വെളിപ്പെടുത്തി. ടൈംസ് നൗവിന് നൽകിയ അഭിമുഖത്തിലാണ് ബിപാഷ ഇക്കാര്യം പറഞ്ഞത്. കരിയറിന്റെ ഉന്നതിയിൽ നിൽക്കുമ്പോഴാണ് താൻ 'ജിസ്മ്' ചെയ്യുന്നതെന്ന് ബിപാഷ ബസു വ്യക്തമാക്കി. പ്രായപൂർത്തിയായവർക്കുമാത്രമുള്ള ഉള്ളടക്കം നിറഞ്ഞ ചിത്രത്തിൽ വേഷമിടുന്നതിനെ പലരും എതിർത്തു. ആളുകളുടെ ഹൃദയത്തിൽ സ്ഥാനം നേടിയ നടി എന്ന നിലയിൽ അങ്ങനെയൊരു ചിത്രം ചെയ്യാനാവില്ലെന്നും അഭിപ്രായം ഉയർന്നു. എന്നാൽ സിനിമയുടെ കഥ ഒരുപാട് ഇഷ്ടമായെന്നും സിനിമ ചെയ്യാനുള്ള തീരുമാനവുമായി മുന്നോട്ടുപോകുമെന്നുമാണ് താൻ മറുപടി പറഞ്ഞത്. തനിക്ക് ഭ്രാന്താണെന്ന് മാനേജർ പോലും കരുതിയെന്നും ബിപാഷ ഓർമിച്ചു. 'എന്നാൽ അത് എനിക്ക് ഗുണം ചെയ്തു, കാര്യങ്ങൾ മാറിമറിഞ്ഞു. സ്ത്രീകൾ പെട്ടെന്ന് മുടി ടോംഗ് ചെയ്യാൻ തുടങ്ങി. സ്ത്രീകൾ നെഗറ്റീവ് കഥാപാത്രങ്ങൾ അവതരിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അതുവരെയുണ്ടായിരുന്ന മുൻധാരണകൾ എല്ലാം മാറി. അതിനാൽ എനിക്ക് അതൊരു വഴിത്തിരിവായിരുന്നു. അതൊരു വളരെ പ്രധാനപ്പെട്ട സിനിമയായിരുന്നു.' അവർ കൂട്ടിച്ചേർത്തു. പത്തുവർഷമായി സിനിമയിൽനിന്ന് വിട്ടുനിൽക്കുന്ന അവർ അഭിനയത്തിലേക്ക് തിരികെവരാനുള്ള സാധ്യതയെക്കുറിച്ച് സൂചന നൽകി. അമിത് സക്സേന സംവിധാനം ചെയ്ത 'ജിസ്മി'ൽ ബിപാഷയും ജോൺ എബ്രഹാമുമാണ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിച്ചത്. 2003-ൽ പുറത്തിറങ്ങിയ 'ജിസ്മ്' ഒരു അപ്രതീക്ഷിത ബോക്സ് ഓഫീസ് വിജയമായിരുന്നു. ജോൺ എബ്രഹാം വെള്ളിത്തിരയിലേക്ക് അരങ്ങേറ്റംകുറിച്ച സിനിമകൂടിയായിരുന്നു ഇത്. 2015-ലാണ് ബിപാഷ ബസു അവസാനമായി സിനിമയിൽ അഭിനയിച്ചത്. കരൺ സിംഗ് ഗ്രോവറുമായുള്ള വിവാഹത്തിനുശേഷം അഭിനയത്തിൽനിന്ന് വിട്ടുനിൽക്കുകയായിരുന്നു അവർ. വിവാഹം കഴിഞ്ഞ് ആറ് വർഷത്തിന് ശേഷം, 2022 നവംബർ 12-ന് ബിപാഷക്കും കരണിനും ആദ്യത്തെ കുഞ്ഞ് പിറന്നു. ഈയിടെ ഡേഞ്ചറസ് എന്ന വെബ് സീരീസിൽ ബിപാഷ ബസു വേഷമിട്ടിരുന്നു.

# ബിജുവിന്റെയും ജോജുവിന്റെയും 'വലതുവശത്തെ കള്ളൻ' ആരംഭിച്ചു,ലെനയും നിരഞ്ജന അനൂപും



ബിജു മേനോൻ , ജോജു ജോർജ് എന്നിവരെ പ്രധാന കഥാപാത്രമാക്കി ജീത്തു ജോസഫ് സംവിധാനം ചെയ്യുന്ന വലതുവശത്തെ കള്ളൻ എറണാകുളത്ത് ചിത്രീകരണം ആരംഭിച്ചു. ലെനയും നിരഞ്ജന അനൂപുമാണ് പ്രധാന സ്ത്രീ കഥാപാത്രത്തെ അവതരിപ്പിക്കുന്നത്.നിർമ്മാതാവ് ലിസ്റ്റിൻ സ്റ്റീഫൻ സ്വിച്ചോൺ നിർവഹിച്ചു.ജോജു ജോർജ് ഫസ്റ്റ് ക്ലാപ്പും നൽകി. ആടുജീവിതത്തിലൂടെ ശ്രദ്ധേയനായ കെ.ആർ. ഗോകുൽ ആദ്യ രംഗത്ത് അഭിനയിച്ചു.ഇർഷാദ്,, ഷാജു ശ്രീധർ, ശ്യാമപ്രസാദ്,മനോജ്.കെ.യു. ലിയോണ ലിഷോയ്, കിജൻ രാഘവൻ എന്നിവരാണ് മറ്റു താരങ്ങൾ. കൂദാശ എന്ന ചിത്രത്തിന്റെ സംവിധായകനും തിരക്കഥാകൃത്തുമായ ഡിനു തോമസ് ഈ ലാനാണ് രചന.ഛായാഗ്രഹണം - സതീഷ് കുറുപ്പ്, സംഗീതം -വിഷ്ണു ശ്യാം, എഡിറ്റിംഗ്- വിനായക് കലാസംവിധാനം. പ്രശാന്ത് മാധവ്മേക്കപ്പ് -ജയൻ പൂങ്കുളം. കോസ്റ്റ്യും ഡിസൈൻ - ലിൻഡ ജീത്തു.ചീഫ് അസ്സോസ്സിയേറ്റ് ഡയറക്ടർ - അറഫാസ് അയൂബ് , പ്രൊഡക്ഷൻ കൺട്രോളർ - ഷബീർ മലവെട്ടത്ത്.പ്രൊഡക്ഷൻ എക്സിക്യൂട്ടീവ്സ് - ഫഹദ് പേഴുംമൂട്, അനിൽ ജി. നമ്പ്യാർ, ആഗസ്റ്റ് സിനിമയുടെ ബാനറിൽ ഷാജി നടേശൻ ബഡ് സ്റ്റോറീസ്സുമായി സഹകരിച്ചാണ് നിർമ്മാണം. എക്സിക്യുട്ടീവ് പ്രൊഡ്യൂസേഴ്സ് - കെറ്റിന ജീത്തു , മിഥുൻ ഏബ്രഹാം, സിനി ഹോളിക്സ് സാരഥികളായ ടോൺസൺ, സുനിൽ രാമാടി, പ്രശാന്ത് നായർ എന്നിവരാണ് സഹനിർമ്മാതാക്കൾ. വാഗമൺ ആണ് മറ്റൊരു ലൊക്കേഷൻ. പി.ആർ. ഒ വാഴൂർ ജോസ്, എ.എസ്. ദിനേശ്, ആതിര ദിൽജിത്ത്.

# വ്യസനസമേതം ബന്ധുമിത്രാദികൾ ജൂൺ 13ന്



അനശ്വര രാജൻ നായികയായി എസ് വിപിൻ തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന വ്യസനസമേതം ബന്ധുമിത്രാദികൾ ജൂൺ 13ന് തിയേറ്ററുകളിൽ എത്തും. 'ഗ്രൂവ് വിത്ത് ഗ്രാൻഡ് മാ' എന്ന ഹാഷ് ടാഗോടെ പുറത്തിറങ്ങിയ ചിത്രത്തിന്റെ പ്രൊമോ വിഡിയോ സോഷ്യൽ മീഡിയ തരംഗമാകുന്നു. അനശ്വര രാജൻ, മല്ലിക സുകുമാരൻ എന്നിവരാണ് പ്രൊമോ വിഡിയോയിൽ .ബൈജു സന്തോഷ്, അസീസ് നെടുമങ്ങാട്, സിജു സണ്ണി, ജോമോൻ ജ്യോതിർ, നോബി, മല്ലിക സുകുമാരൻ എന്നിവരാണ് മറ്റ് താരങ്ങൾ. വാഴ എന്ന സൂപ്പർ ഹിറ്റ് ചിത്രത്തിന് ശേഷം ഡബ്ല്യുബിടിഎസ് പ്രൊഡക്ഷൻസ്, തെലുങ്കിലെ പ്രശസ്ത നിർമ്മാണ കമ്പനിയായ ഷൈൻ സ്ക്രീൻസ് സിനിമയുമായി സഹകരിച്ച് നിർമ്മിക്കുന്ന രണ്ടാമത്തെ ചിത്രമാണ് . ഛായാഗ്രഹണം- റഹീം അബൂബക്കർ, എഡിറ്റർ- ജോൺകുട്ടി, ഗാനരചന- മനു മൻജിത്, വിനായക് ശശികുമാർ, ബ്ലാക്ക്, സുശാന്ത് സുധാകരൻ, സംഗീതം- അങ്കിത് മേനോൻ, പി.ആർ. ഒ എ.എസ്. ദിനേശ്.

# എന്റെ പ്ലഷർ കാരണം മറ്റുള്ളവർക്ക് സ്വസ്ഥതയില്ല, കുടുംബത്തെ മൊത്തം ബാധിച്ചു - ഷൈൻ ടോം ചാക്കോ




ദുശ്ശീലങ്ങളിൽനിന്ന് തനിക്ക് ആനന്ദം കിട്ടുന്നുണ്ടെങ്കിലും അത് മറ്റുള്ളവർക്കുണ്ടാക്കിയത് സ്വസ്ഥതക്കുറവാണെന്ന് തുറന്ന് പറഞ്ഞ് നടൻ ഷൈൻ ടോം ചാക്കോ. തന്റെ ദുശ്ശീലങ്ങളുടെ ഭാഗമായുള്ള പ്രശ്നങ്ങൾ കുടുംബത്തേയും വിദേശത്തുള്ള സഹോദരിമാരേയുമടക്കം മോശമായി ബാധിച്ചു. കുടുംബത്തിന് വേണ്ടിയാണ് താൻ ദുശ്ശീലങ്ങൾ ഉപേക്ഷിക്കാൻ തീരുമാനിച്ചതെന്നും ഷൈൻ ടോം ചാക്കോ പറഞ്ഞു. ഒരു യൂട്യൂബ് ചാനലിന് നൽകിയ അഭിമുഖത്തിലാണ് നടൻ മനസുതുറന്നത്. ആലപ്പുഴ ഹൈബ്രിഡ് കഞ്ചാവ് കേസിൽ ചോദ്യംചെയ്യലിന് എത്തിയ ഷൈനിനെ തൊടുപുഴയിലെ ലഹരിവിമുക്തി കേന്ദ്രത്തിലേക്ക് മാറ്റിയിരുന്നു. ഇതിന് ശേഷം ആദ്യമായാണ് ഷൈൻ വിവാദങ്ങളിൽ പ്രതികരിക്കുന്നത്. കേസിൽ തന്നെ അറസ്റ്റുചെയ്തിട്ടില്ലെന്ന് ഷൈൻ അഭിമുഖത്തിൽ വ്യക്തമാക്കി.

**ഷൈൻ ടോം ചാക്കോയുടെ വാക്കുകൾ:**

മാതാപിതാക്കളും ക്രൂശിക്കപ്പെട്ടത് ഞാൻ കാരണമാണ്. ഞാൻ എന്തൊക്കെ ചെയ്തിട്ടുണ്ട്, ചെയ്യാത്തതുണ്ട് എന്ന് എനിക്കറിയാം. ഒരാളെ ദ്രോഹിക്കുന്ന ഒന്നും ഞാൻ ചെയ്യാറില്ല. എന്തെങ്കിലും ദ്രോഹം ചെയ്തിട്ടുണ്ടെങ്കിൽ അത് എന്നോട് തന്നെയായിരിക്കും. എന്റെ ശരീരത്തോടും എന്റെ മനസിനോടും പിന്നെ കുടുംബത്തോടും. അതിൽ നിന്ന് മാറി, ഇനിയുള്ള കാലം ഇവർക്ക് അനുസരിച്ച്... എല്ലാകാര്യത്തിലുമൊന്നും അനുസരിക്കാം എന്നല്ല. ഒരാളുടെ ജീവിതം എപ്പോഴും പൂർണമാവുന്നത് മറ്റുള്ളവർക്കുവേണ്ടി ജീവിക്കുമ്പോഴാണ്. അതിനുവേണ്ടിയാണല്ലോ മറ്റൊരാൾക്കുവേണ്ടി ജീവിക്കുന്നത്. 2015-ൽ ജനുവരി 31-ാം തീയതി പുലർച്ചെയാണ് കൊക്കൈൻ കേസിൽ അറസ്റ്റുചെയ്യുന്നത്. ഈ അടുത്താണ് കേസിൽ നിരപരാധിയാണെന്ന് കണ്ടെത്തുന്നത്. അറസ്റ്റുചെയ്ത് എറണാകുളം നോർത്ത് പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയിട്ട് എന്നെ മുകളിൽ ഇരുത്തി. അപ്പോൾ താഴെ ഡാഡി ഇരുന്ന് കരയുന്ന ഒരു വിഷ്വൽ എനിക്ക് കിട്ടിയിരുന്നു. ഡാഡി അന്നുവരെ കരഞ്ഞിട്ട് ഞാൻ കണ്ടിട്ടില്ല. അന്ന് ആ വിഷയം അവർ അറിയുന്നത് ചാനൽ വഴിയാണ്. ജോക്കുട്ടൻ അന്ന് ജോലിക്ക് കയറാൻ ബാംഗ്ലൂരിൽ ജോലിക്ക് കയറാൻ പോയ ദിവസമാണ്. അന്ന് പോവാതെ കുടുംബത്തോടൊപ്പം നിന്നു. ഞാൻ ഉണ്ടാക്കുന്ന ബുദ്ധിമുട്ടുകൾ എന്ന് പറയുന്നത് മറ്റൊരാളെ ഉപദ്രവിച്ചിട്ടുള്ള ബുദ്ധിമുട്ടുകളല്ല. ഞാൻ കാരണം ഇല്ലാത്ത കാര്യങ്ങൾ ഇവർ കേൾക്കേണ്ടി വന്നിട്ടുണ്ട്. ഞാനായിട്ട് ചെയ്യാത്തതത്. പക്ഷേ, ഞാനായിട്ട് വരുത്തിവെക്കുന്നതാണെന്ന് പറയാം. അന്ന് അതിനുശേഷം ഞാനൊരു വാർത്താസമ്മേളനം നടത്തി, ഞാനിനി പുകവലിക്കില്ല എന്ന് പറഞ്ഞു. 60 ദിവസത്തെ ബ്രേക്കിൽ ഞാനന്ന് നിർത്തിയതാണ്. പക്ഷേ, കുറച്ചു കഴിഞ്ഞ് വീണ്ടും ഞാൻ സിഗരറ്റുവലി തുടങ്ങി. മൂവീ സിലൊക്കെ ചിത്രങ്ങളിൽ സിഗരറ്റ് ശരിക്കും വലിക്കുന്നതാണ്. അപ്പോൾ എന്റേതായ ചില ദുശ്ശീലങ്ങളും അതുമായി ബന്ധപ്പെട്ടുണ്ടായി. ചുറ്റും വരുന്ന ആളുകളെ വിശ്വസിക്കരുത് എന്ന് ഇവർ പറയും. എന്നാൽ, വിശ്വസിക്കുക എന്നുള്ളതാണ് ഈ ഭൂമിയിൽ ജീവിക്കുന്നിടത്തോളം എനിക്ക് ചെയ്യാൻ പറ്റുകയുള്ളൂ. ആളുകളെ വിലയിരുത്തിയിട്ട് എടുക്കാൻ, ഞാൻ ജോലിക്കാരെ എടുക്കുന്നതല്ല. ഇങ്ങനെയുള്ള പ്രശ്നങ്ങൾ വരുമ്പോഴാണ് ആരാണ് ശരി, ആരാണ് തെറ്റ് എന്ന് മനസിലാവുന്നത്. എന്നാൽകൂടി ഞാനത് അങ്ങനെ വിലയിരുത്തില്ല. ഇവർക്കത് ചെയ്യാം. കൂട്ടുകാർ എപ്പോഴും കൂട്ടുകാരാണ്, അതിൽ മോശവുമില്ല നല്ലതുമില്ല. അന്നത്തെ പ്രശ്നങ്ങൾക്കുശേഷം പത്തുവർഷം കഴിഞ്ഞു. ഞാനിപ്പോഴാണ് മമ്മിയുടെ നടത്തമെല്ലാം ശ്രദ്ധിക്കുന്നത്. പണ്ടത്തെ ആ സ്പീഡ് ഉണ്ടെങ്കിലും ചെറിയൊരു ബുദ്ധിമുട്ട് ഉണ്ട് അതിൽ. പലകാര്യങ്ങളും ഈ സമയങ്ങളിൽ ഞാൻ ശ്രദ്ധിക്കാതെ പോയിട്ടുണ്ട്. അതിലേക്കൊക്കെ എന്നെ ശ്രദ്ധിപ്പിക്കാൻ ഉണ്ടായൊരു സംഭവമായിട്ടാണ് ഞാനിതിനെ കാണുന്നുണ്ട്. ഈ വക സാധനങ്ങളിൽനിന്ന് എനിക്ക് ഒരു പ്ലഷർ കിട്ടുന്നുണ്ട്, ഇപ്പോൾ വലിയിൽനിന്നാണെങ്കിലും. ആ പ്ലഷർ കൊണ്ട് ബാക്കിയുള്ളവർക്ക് ഒരു സ്വസ്ഥതയുമുണ്ടാവുന്നില്ല, പ്രഷറിൽനിന്ന് പ്രഷറിലേക്കും ടെൻഷനിൽനിന്ന് ടെൻഷനിലേക്കും അവരുടെ ജീവിത്തിന്റെ സുരക്ഷിതത്വം ഇല്ലാതാവുകയാണ്. ന്യൂസീലൻഡിൽ താമസിക്കുന്ന സഹോദരിമാരെയടക്കം അത് ബാധിക്കുകയാണ്. എന്റെ മൊത്തം ബന്ധുക്കളെ ബാധിക്കുകയാണ്. അന്നൊരു ഈസ്റ്ററും ദുഃഖവെള്ളിയും പെസഹവ്യാഴവുമൊക്കെയായിരുന്നു. ഈ പ്രാവശ്യം മമ്മിയുണ്ടാക്കിവെച്ച വട്ടയപ്പവും ബീഫും കഴിക്കാതെയാണ് ഞാൻ പോയത് എന്ന് എല്ലാത്തിനും ശേഷമാണ് ഞാൻ അറിയുന്നത്. എനിക്കുവേണ്ടിയിട്ടാണെങ്കിൽ എനിക്കിതൊന്നും ഉപേക്ഷിക്കാൻ കഴിയില്ല. ഇവർക്കുവേണ്ടിയിട്ടാണെങ്കിലേ എനിക്ക് ഉപേക്ഷിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ടാണ് ഇനി എനിക്ക് ഇതൊന്നും വേണ്ടെന്ന് തോന്നിയത്. വേറൊരാൾക്കുവേണ്ടി ചെയ്യുമ്പോഴാണ്, ചെയ്യണമെന്ന തോന്നൽ ആഴത്തിൽ വരുകയുള്ളൂ. ഉപയോഗിക്കുന്നവരെ കുറ്റം പറയുകയല്ല. ഉപയോഗിക്കാത്തതാണ് നല്ലത് എന്ന് ഞാനൊരിക്കലും പറയുകയില്ല. ഉപയോഗിക്കുന്നത് ഭയങ്കര തെറ്റാണെന്നും ഞാൻ പറയില്ല. അത് ഓരോരുത്തരുടെ ശീലങ്ങളാണ്.

# 'ഛോട്ടാ മുംബൈ'യ്ക്ക് പിന്നാലെ 'ഉദയനാണ് താര'വും തീയേറ്ററിലേക്ക്; ജൂൺ 20-ന് റിലീസ്






മോഹൻലാലിന്റെ സൂപ്പർഹിറ്റ് ചിത്രം 'ഛോട്ടോ മുംബൈ' ജൂൺ ആറിന് റീറിലീസ് ചെയ്യും. അൻവർ റഷീദിന്റെ സംവിധാനത്തിൽ പുറത്തിറങ്ങിയ ചിത്രത്തിൽ വാസ്കോഡാ ഗാമയായി മോഹൻലാൽ നിറഞ്ഞാടിയിരുന്നു. 2007-ൽ പ്രദർശനത്തിനെത്തിയ ചിത്രം ആക്ഷൻ കോമഡി ഗണത്തിൽപ്പെടുന്നതാണ്. മോഹൻലാലിന്റെ ജന്മദിനമായ മേയ് 21ന് റീ- റിലീസ് ചെയ്യാൻ തീരുമാനിച്ചിരുന്നെങ്കിലും സാങ്കേതിക കാരണത്താൽ നടന്നില്ല. ദേവദൂതനുശേഷം ഹൈ സ്റ്റുഡിയോസ് ആണ് സിനിമ ഫോർ കെ ഡോൾബി അറ്റ്മോസിൽ റീമാസ്റ്ററിംഗ് ചെയ്യുന്നത്. മലയാളത്തിലെ ആദ്യഹൈഡെഫിനിഷൻ റസല്യൂഷൻ (എച്ച്ഡിആർ) ഫോർമാറ്റിലുള്ള ചിത്രമാണിത്. ഭാവന, കലാഭവൻ മണി, വിനായകൻ, ജഗതി, രാജൻ പി. ദേവ്, സിദ്ദിഖ്, ബിജുക്കുട്ടൻ, മണിക്കുട്ടൻ, സായ്കുമാർ തുടങ്ങിയവരും 'ഛോട്ടാ മുംബൈ'യിൽ പ്രധാന വേഷങ്ങളെ അവതരിപ്പിച്ചു. ബെന്നി പി. നായരമ്പലം ആണ് രചന. മണിയൻപിള്ള രാജു പ്രൊഡക്ഷൻസിന്റെ ബാനറിൽ മണിയൻപിള്ള രാജു, അജയചന്ദ്രൻ നായർ, രഘുചന്ദ്രൻ നായർ എന്നിവർ ചേർന്നാണ് ചിത്രം നിർമിച്ചിരിക്കുന്നത്. വയലാർ ശരത് ചന്ദ്രവർമയുടെ വരികൾക്ക് രാഹുൽ രാജ് സംഗീത സംവിധാനം നിർവഹിച്ച ചിത്രത്തിലെ പാട്ടുകളും ഏറെ ഹിറ്റായിരുന്നു. തുടർന്ന് മോഹൻലാൽ നായകനായ 'ഉദയനാണ് താരം', ജൂൺ 20-ന് റീറിലീസ് ചെയ്യും. മലയാള സിനിമാലോകത്തെ ഹാസ്യാത്മകവും അതേസമയം ചിന്തിപ്പിക്കുന്നതുമായി അവതരിപ്പിച്ച് വൻവിജയം നേടിയ ചിത്രമായിരുന്നു റോഷൻ ആൻഡ്രൂസ്- മോഹൻലാൽ- ശ്രീനിവാസൻ കൂട്ടുകെട്ടിൽ എത്തിയ 'ഉദയനാണ് താരം'. സിനിമയ്ക്കുള്ളിലെ സിനിമയുടെ കഥ പറഞ്ഞ ചിത്രം 20 വർഷത്തിനുശേഷം 4ഗ ദൃശ്യ മികവോടെയാണ് തിയേറ്ററിൽ എത്തുന്നത്. ബോക്സ് ഓഫീസിൽ മികച്ച വിജയം നേടിയ ചിത്രം ഉദയഭാനുവിന്റെയും സരോജ് കുമാർ എന്ന രാജപ്പന്റെയും ജീവിത യാത്രയെ രസകരമായി അവതരിപ്പിക്കുന്നു. റോഷൻ ആൻഡ്രൂസിന്റെ സംവിധാന അരങ്ങേറ്റ ചിത്രം കാൾട്ടൺ ഫിലിംസിന്റെ ബാനറിൽ സി. കരുണാകരനാണ് നിർമിച്ചത്. ദീപക് ദേവിന്റെ സംഗീതത്തിൽ വിനീത് ശ്രീനിവാസൻ പാടിയ 'കരളേ, കരളിന്റെ കരളേ' എന്ന ഗാനം ഉൾപ്പടെ ചിത്രത്തിലെ ഗാനങ്ങളും ഏറെ പ്രേക്ഷകശ്രദ്ധ പിടിച്ചുപറ്റിയവയാണ്. മികച്ച നവാഗത സംവിധായകൻ, മികച്ച നൃത്തസംവിധാനം എന്നിവക്കുള്ള സംസ്ഥാന ചലച്ചിത്ര അവാർഡുകൾ ഉൾപ്പടെ നിരവധി പുരസ്കാരങ്ങളുമായി മികച്ച പ്രേക്ഷക- നിരൂപക ശ്രദ്ധനേടിയ ചിത്രവുമാണ് 'ഉദയനാണ് താരം'. ശ്രീനിവാസൻ ആണ് ചിത്രത്തിന്റെ തിരക്കഥ. ജഗതി ശ്രീകുമാറിന്റെ പച്ചാളം ഭാസിയായുള്ള തകർപ്പൻ പ്രകടനം കാഴ്ചവച്ച സിനിമയിൽ മീന, മുകേഷ്, സലിംകുമാർ, ഇന്ദ്രൻസ്, ഭാവന എന്നിവരും വേഷമിട്ടിട്ടുണ്ട്. പിആർഒ: പി.ശിവപ്രസാദ്.

# പിച്ചക്കാരനിൽ നിന്ന് കോടിശ്വരനായി ധനുഷ് ,കുബേര ടീസർ





ധനുഷ് നായകനായി ശേഖർ കമ്മുല സംവിധാനം ചെയ്യുന്ന കുബേര എന്ന പാൻ ഇന്ത്യൻ ചിത്രത്തിന്റെ ടീസർ പുറത്ത്. രണ്ട് ഗെറ്റപ്പിൽ ചിത്രത്തിൽ ധനുഷ് എത്തുന്നു. ഭിക്ഷാ ടനം നടത്തി ജീവിതം മുന്നോട്ടുപോകുന്ന മനുഷ്യൻ പെട്ടെന്ന് ഒരു സാഹചര്യത്തിൽ കോടീശ്വരനായി മാറുന്നതാണ് കഥ. നാഗാർജുന, രശ്മിക മന്ദാന എന്നിവരും പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്നു. മേഡ് ഇൻ ഹെവൻ, സഞ്ജു പദ്മാവത് തുടങ്ങിയ ബോളിവുഡ് ചിത്രങ്ങളിലൂടെ പ്രശസ്തനായ ജിംായ സർദും പ്രധാന വേഷത്തിൽ എത്തുന്നു. ദേവിശ്രീ പ്രസാദ് ആണ് സംഗീതം. ഛായാഗ്രഹണം നികേത് ബൊമ്മി. ശ്രീ വെങ്കിടേശ്വര സിനിമാസ് എൽ.എൽ.പി, അമിഗോസ് ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ ബാനറിൽ സുനിൽ സാരംഗ്, പുഷ്കര രാം മോഹൻ റാവു എന്നിവരാണ് നിർമ്മാണം. ജൂൺ 20ന് ചിത്രം തിയേറ്ററിൽ എത്തും.

# പഞ്ചാബിന്റെ പടയോട്ടം



## മുംബയ് ഇന്ത്യൻസിനെ കീഴടക്കി പഞ്ചാബ് കിംഗ്സ് ഒന്നാമത്

## സൂര്യകുമാർ യാദവിന് അർദ്ധസെഞ്ച്വറി (57 ), മുംബയ് 184/7

## പ്രിയാംശിനും(62) ഇൻഗിലിസിനും (73) അർദ്ധസെഞ്ച്വറി , പഞ്ചാബ്


ജയ്പുർ : പ്രാഥമികറൗണ്ടിലെ അവസാന മത്സരത്തിൽ മുംബയ് ഇന്ത്യൻസിനെ വിക്കറ്റിന് തോൽപ്പിച്ച് പോയിന്റ് പട്ടികയിലെ ഒന്നാം സ്ഥാനത്തേക്ക് കുതിച്ചുയർന്ന് പഞ്ചാബ് കിംഗ്സ്. ഇന്നലെ ജയ്പുരിൽ നടന്ന മത്സരത്തിൽ മുംബയ് ഉയർത്തിയ 185 റൺസ് വിജയലക്ഷ്യം ഒൻപത് പന്തുകളും ഏഴ് വിക്കറ്റുകളും അവശേഷിക്കവേയാണ് പഞ്ചാബ് മറികടന്നത്. അർദ്ധസെഞ്ചറികൾ നേടിയ ജോഷ് ഇംഗിലിസും(73) പ്രിയാംശ് ആര്യയും (62) ചേർന്നാണ് പഞ്ചാബിന്റെ വിജയത്തിന് അടിത്തറയിട്ടത്.

ചേസിംഗിനിറങ്ങിയ പഞ്ചാബിന് ഓപ്പണർ പ്രഭ്സിമ്രാൻ സിംഗിനെ (13) അഞ്ചാം ഓവറിൽ നഷ്ടമാകുമ്പോൾ ടീം സ്കോർ 34ലേ എത്തിയിരുന്നുള്ളൂ. എന്നാൽ പ്രിയാംശിന് കൂട്ടായി ഇൻഗിലിസ് എത്തിയതോടെ കളി മാറി. രണ്ടാം വിക്കറ്റിൽ 109 റൺസാണ് ഇവർ അടിച്ചുകൂട്ടിയത്.15-ാം ഓവറിന്റെ ആദ്യ പന്തിൽ പ്രിയാംശ് പുറത്താകുമ്പോൾ ടീം സ്കോർ 143/2ലെത്തിയിരുന്നു. തുടർന്നെത്തിയ ക്യാപ്ടൻ ശ്രേയസ് അയ്യർ(26 നോട്ടൗട്ട്) കാലുറപ്പിക്കവേ 18-ാം ഓവറിൽ ഇൻഗിലിസും മടങ്ങി. 35 പന്തുകളിൽ പ്രിയാംശ് 9 ഫോറുകളും രണ്ട് സിക്സുകളും പറത്തിയപ്പോൾ 42 പന്തുകൾ നേരിട്ട ഇൻഗിലിസ് 9 ഫോറുകളും മൂന്ന് സിക്സുകളും പായിച്ചു.19-ാം ഓവറിൽ ബൗൾട്ടിനെ സിക്സടിച്ച് ശ്രേയസാണ് ടീമിനെ വിജയിപ്പിച്ചത്.
നേരത്തേ ടോസ് നഷ്ടപ്പെട്ട് ബാറ്റിംഗിനിറങ്ങിയ മുംബയ് ഏഴുവിക്കറ്റ് നഷ്ടത്തിലാണ് 184 റൺസ് നേടിയത്. അർദ്ധസെഞ്ചറി നേടിയ സൂര്യകുമാർ യാദവാണ് മുംബയ്യെ ഈ സ്കോറിലെത്തിച്ചത്. ആദ്യ അഞ്ചോവറിൽ 45 റൺസ് നേടി റയാൻ റിക്കിൾട്ടൺ (27) രോഹിത് ശർമ്മ (24) സഖ്യം മാന്യമായ തുടക്കമാണ് മുംബയ്ക്ക് നൽകിയത്. ആറാം ഓവറിന്റെ ആദ്യപന്തിൽ റിക്കിൾട്ടണിനെ ശ്രേയസ് അയ്യരുടെ കയ്യിലെത്തിച്ച് മാർക്കോ യാൻസനാണ് മുംബയ്ക്ക് ആദ്യപ്രഹരം നൽകിയത്. തുടർന്ന് സൂര്യകുമാർ കളത്തിലേക്കിറങ്ങി. പത്താം ഓവറിൽ ഹർപ്രീത് ബ്രാർ രോഹിതിനെയും മടക്കി അയച്ചു.അപ്പോഴേക്കും മുംബയ് 81 റൺസിലെത്തിയിരുന്നു. തുടർന്ന് ഒരറ്റത്ത് സൂര്യ സ്കോർ ഉയർത്തവേ മറ്റേ അറ്റത്ത് തിലക് വർമ്മ(1), വിൽ ജാക്സ് (17), ഹാർദിക് പാണ്ഡ്യ (26) എന്നിവർ പുറത്തായി. ഇതോടെ മുംബയ് 16.2 ഓവറിൽ 150/5ലെത്തി. തുടർന്ന് സൂര്യയും നമാൻ ധിറും (20) ചേർന്ന് മുന്നോട്ടുനീങ്ങി. അവസാന ഓവറിൽ അർഷ്ദീപ് സിംഗാണ് സൂര്യയേയും നമാനെയും പുറത്താക്കിയത്.39 പന്തുകൾ നേരിട്ട സൂര്യകുമാർ ആറ് ഫോറുകളും രണ്ട് സിക്സുകളും ഉൾപ്പടെയാണ് 57 റൺസ് നേടിയത്.
5 സൂര്യകുമാർ യാദവിന്റെ സീസണിലെ അഞ്ചാമത്തെ അർദ്ധസെഞ്ചറിയാണിത്.

## പഞ്ചാബ് ക്വാളിഫയറിലേക്ക്

പോയിന്റ് പട്ടികയിലെ ആദ്യ രണ്ട് സ്ഥാനങ്ങളിലൊന്ന് ഉറപ്പാക്കിയതിനാൽ പഞ്ചാബ് പ്ളേ ഓഫിലെ ആദ്യ ക്വാളിഫയറിൽ മത്സരിക്കും. പോയിന്റ് പട്ടികയിലെ ആദ്യ രണ്ട് സ്ഥാനക്കാർ തമ്മിലാണ് ആദ്യ ക്വാളിഫയർ. ഇതിൽ ജയിക്കുന്നവർ നേരിട്ട് ഫൈനലിൽ. തോൽക്കുന്നവർ മൂന്നും നാലും സ്ഥാനക്കാർ തമ്മിലുള്ള എലിമിനേറ്ററിലെ ജേതാവിനെ രണ്ടാം ക്വാളിഫയറിൽ നേരിടും. ഇന്ന് നടക്കുന്ന മത്സരത്തിൽ മികച്ച മാർജിനിൽ ലക്നൗവിനെ തോൽപ്പിക്കാനായാൽ ആർ.സി.ബിക്ക് പോയിന്റ് പട്ടികയിൽ ഒന്നാമതെത്താം.
ഇന്ന് പ്രാഥമിക റൗണ്ടിലെ അവസാന മത്സരം

ലക്നൗ Vs ആർ.സി.ബി, 7.30 pm മുതൽ




## ഫ്രഞ്ച് ഓപ്പണിൽ റാഫേൽ നദാലിന് ആദരം

റൊളാങ്ങ് ഗാരോസ് : കളമൊഴിഞ്ഞ കളിമൺ കോർട്ടിലെ ചക്രവർത്തി റാഫേ നദാലിനെ ഒരിക്കൽക്കൂടി വരവേറ്റ് റൊളാങ്ങ് ഗാരോസിലെ ഫ്രഞ്ച് ഓപ്പൺ ടെന്നിസ് വേദി. 14 ഫ്രഞ്ച് ഓപ്പണുകൾ നേടിയിട്ടുള്ള റാഫയെ ആദരിക്കാനായി ഈ സീസൺ ടൂർണമെന്റിന്റെ ഉദ്ഘാടനദിവസം നടത്തിയ പ്രത്യേക ചടങ്ങിനായി നദാലിന്റെ സമകാലീനരും ലോക ഒന്നാം നമ്പർ താരങ്ങളുമായിരുന്ന റോജർ ഫെഡറർ,നൊവാക്ക് ജോക്കോവിച്ച്, ആൻഡി മുറെ എന്നിവരുമെത്തി. ഗാലറി നിറയെ ആരാധകരുമുണ്ടായിരുന്നു. കോർട്ടിൽ റാഫയുടെ പാദമുദ്ര പ്രത്യേക രീതിയിൽ പതിപ്പിച്ചത് ചടങ്ങിൽ പ്രകാശനം ചെയ്തു. ഫെഡററും നൊവാക്കും മുറെയും റാഫയുമായുള്ള ഓർമ്മകൾ പങ്കിട്ടു. തന്റെ കരിയറിലെ ഏറ്റവും മികച്ച മുഹൂർത്തങ്ങൾ സമ്മാനിച്ച വേദിയെക്കുറിച്ച് റാഫയും വാചാലനായി. റാഫയുടെ 22 ഗ്രാൻസ്ളാം കിരീടങ്ങളിൽ 14 എണ്ണവും ഫ്രഞ്ച് ഓപ്പണിൽ നിന്നാണ്. ഏറ്റവും കൂടുതൽ ഫ്രഞ്ച് ഓപ്പൺ കിരീടങ്ങൾ നേടിയ താരമായ റാഫ 2022ലാണ് ഇവിടെ അവസാനമായി കിരീടം നേടിയത്. 2005ലായിരുന്നു ആദ്യകിരീടം. കഴിഞ്ഞ ഫ്രഞ്ച് ഓപ്പണിന്റെ ആദ്യ റൗണ്ടിൽ അലക്സാണ്ടർ സ്വരേവിനോട് തോറ്റതായിരുന്നു അവസാന മത്സരം. 116 മത്സരങ്ങൾ ഇവിടെ കളിച്ചതിൽ നാലുതവണ മാത്രമാണ് തോൽക്കേണ്ടിവന്നത്.


## ലാസ്റ്റ് മാച്ചിൽ ലിവർപൂളിന് സമനില

ലണ്ടൻ : ഇംഗ്ളീഷ് പ്രിമിയർ ലീഗിൽ നേരത്തേതന്നെ കിരീടം നേടിക്കഴിഞ്ഞ ലിവർപൂളിന് സീസണിലെ അവസാന മത്സരത്തിൽ സമനില. ക്രിസ്റ്റൽ പാലസ് 1-1നാണ് ലിവറിനെ തളച്ചത്.38 മത്സരങ്ങളിൽ 25 വിജയങ്ങളുമായി 84 പോയിന്റ് നേടിയാണ് ലിവർപൂൾ കിരീടം വീണ്ടെടുത്തിരുന്നത്. 20 വിജയങ്ങളുമായി 74 പോയിന്റുള്ള ആഴ്സനലാണ് രണ്ടാം സ്ഥാനത്ത്. 71 പോയിന്റുമായി കഴിഞ്ഞസീസണുകളിലെ ചാമ്പ്യന്മാരായ മാഞ്ചസ്റ്റർ സിറ്റി മൂന്നാമതായി.
കഴിഞ്ഞരാത്രി നടന്ന മറ്റ് അവസാന റൗണ്ട് മത്സരങ്ങളിൽ ആഴ്സനൽ 2-1ന് സതാംപ്ടണിനെയും ചെൽസി 1-0ത്തിന് നോട്ടിംഗ്ഹാം ഫോറെസ്റ്റിനെയും മാഞ്ചസ്റ്റർ യുണൈറ്റഡ് 2-0ത്തിന് ആസ്റ്റൺ വില്ലയേയും തോൽപ്പിച്ചു. കഴിഞ്ഞദിവസം യൂറോപ്പ ലീഗ് ചാമ്പ്യൻന്മാരായ ടോട്ടൻഹാം അവസാന മത്സരത്തിൽ 1-4ന് ബ്രൈറ്റനോട് തോറ്റ് 17-ാം സ്ഥാനത്തായി.



ആദ്യ അഞ്ച് സ്ഥാനത്തിനുള്ളിലെത്തിയ ലിവർപൂൾ, ആഴ്സനൽ, മാഞ്ചസ്റ്റർ സിറ്റി,ചെൽസി, ന്യൂകാസിൽ എന്നിവർ യുവേഫ ചാമ്പ്യൻസ് ലീഗിന്റെ ആദ്യ റൗണ്ടിലേക്കും ആറാമതെത്തിയ സതാംപ്ടൺ യൂറോപ്പ ലീഗ് ആദ്യറൗണ്ടിലേക്കും യോഗ്യത നേടി. 29 ഗോളുകൾ നേടിയ ലിവർപൂൾ സ്ട്രൈക്കർ മൊഹമ്മദ് സലായാണ് ഈ സീസണിലെ ടോപ്സ്കോറർ. 22 ഗോളുകളുമായി ന്യൂകാസിലിന്റെ അലക്സാണ്ടർ ഇസാക്ക് രണ്ടാമതെത്തി.

EDITORS CHOICE



## മഴക്കാലമാണ്, ഹൈറേഞ്ചിലെ ഡ്രൈവർമാരും യാത്രികരും ഇക്കാര്യങ്ങൾ ശ്രദ്ധിക്കുക

കട്ടപ്പന(ഇടുക്കി): മഴക്കാലമെത്തിയതോടെ ജില്ലയിൽ അപകടങ്ങളും വർധിക്കുകയാണ്. ഘർഷണം കുറവുള്ള റബ്ബറൈസ്ഡ് റോഡുകളും ഹൈറേഞ്ചിലെ ചെങ്കുത്തായ പാതകളും അപകടങ്ങൾ വർധിക്കുവാൻ കാരണമാവുന്നു. അപകടങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ ഡ്രൈവർമാർക്കും യാത്രികർക്കും സുരക്ഷാ മുന്നറിയിപ്പുമായി മോട്ടോർ വാഹന വകുപ്പ് രംഗത്തെത്തി.
ന്മ ഇരുചക്രവാഹനം ഉപയോഗിക്കുന്നവർ ഹെഡ്ലൈറ്റ് നിർബന്ധമായും പ്രവർത്തിപ്പിക്കുക. ടയറുകളിൽ ശരിയായ അളവിൽ കാറ്റു നിറച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക. ടയറുകളിലെ മർദം ആവശ്യത്തിൽ കൂടിയാലൊ കുറഞ്ഞാലോ വാഹനം തെന്നി നീങ്ങാൻ സാധ്യതയുണ്ട്.
• ടയറുകൾ ആവശ്യത്തിന് ഘർഷണം ലഭിക്കുന്നതാണോ എന്ന് പരിശോധിക്കുക പഴയവ മാറ്റുക.
• ഹെഡ്ലൈറ്റ്, ബ്രേക്ക് ലൈറ്റ് ഇൻഡിക്കേറ്ററുകൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.
ന്മ കാർ യാത്രികരും മുച്ചക്രവാഹനങ്ങളും വൈപ്പറുകൾ കൃത്യമായി പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.
20 കോടി കടം, ഫാക്ടറിയും ഫ്ളാറ്റുകളും നഷ്ടമായി; ഏഴംഗ കുടുംബത്തിന്റെ കൂട്ടമരണത്തിനുപിന്നിൽ വൻ ബാധ്യതകൾ
• നാലു ടയറുകളിലേയും ബ്രേക്കുകൾ ഒരുപോലെ പ്രവർത്തിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക. (ഹൈറേഞ്ചിൽ ഉപയോഗിക്കുന്ന ജീപ്പുകളുടെ ബ്രേക്കുകൾ പ്രവർത്തന ക്ഷമമാണോ എന്ന് കൃത്യമായും പരിശോധിക്കുക)
• എയർ ബ്രേയ്ക്ക് ഉപയോഗിക്കുന്ന ഹെവി വാഹനങ്ങളുടെ എയർ ലീക്ക് പോലെയുള്ള പ്രശ്നങ്ങൾ പരിഹരിക്കുക. സിസ്റ്റെ പ്രൊട്ടക്ഷൻ വാൽവ് പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തുക.
• ഹൈറേഞ്ച് മേഖലയിൽ സർവ്വീസ് നടത്തുന്ന ബസുകളിൽ ഫോഗ് ലാമ്പ് ഘടിപ്പിക്കുക .ആവശ്യഘട്ടങ്ങളിൽ ഇവയുടെ പ്രവർത്തനം കൂടുതൽ സുരക്ഷിതത്വം നൽകും. ഹസാർഡ് വാർണിങ് ലൈറ്റുകൾ ആവശ്യമില്ലാതെ ഉപയോഗിക്കരുത്.
• ചെങ്കുത്തായ പാതകളിൽ നിർത്തിയിടുന്ന വാഹനങ്ങളുടെ ഹാൻഡ് ബ്രേയ്ക്ക് നിർബന്ധമായും പ്രവർത്തിപ്പിക്കുക. ഹാൻഡ് ബ്രേയ്ക്ക് പ്രവർത്തന ക്ഷമമാണ് എന്ന് ഉറപ്പു വരുത്തണമെന്നും ഉടുമ്പൻചോല മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ എസ്. ഫ്രാൻസിസ് അറിയിച്ചു.

## സ്പെയിനിലെ ആ കലാസൃഷ്ടി നിയാണ്ടർത്താലുകളുടേതോ? ലോകത്തിലെ ഏറ്റവും പഴക്കമുള്ള വിരലടയാളം കണ്ടെത്തി

### മനുഷ്യന്റെ മുഖത്തിന്റെ ആകൃതിയിലുള്ള ഒരു ഗ്രാനൈറ്റ് കല്ലിലാണ് വിരലടയാളം പതിപ്പിച്ചത്

ലോകത്തിലെ ഏറ്റവും പഴക്കമുള്ള വിരലടയാളം സ്പെയിനിലെ പ്രീഹിസ്റ്റോറിക് കല്ലിൽ കണ്ടെത്തി. ഏകദേശം 43,000 വർഷങ്ങൾക്ക് മുമ്പ് ഇന്നത്തെ മധ്യ സ്പെയിനിൽ ഒരു നിയാണ്ടർത്താൽ ഒരു മനുഷ്യന്റെ മുഖത്തിന്റെ ആകൃതിയിലുള്ള ഒരു ഗ്രാനൈറ്റ് കല്ലിലാണ് തന്റെ വിരലടയാളം പതിപ്പിച്ചതെന്ന് ദി ഗാർഡിയൻ പുറത്തുവിട്ട റിപ്പോർട്ടിൽ പറയുന്നു. ചുവന്ന നിറത്തിലുള്ള ഒരു വിരലടയാളമാണ് ഗ്രാനൈറ്റ് കല്ലിലുള്ളത്. അത് മനുഷ്യമുഖത്തിന്റെ ആകൃതിയിലുള്ള കല്ലിൽ മൂക്ക് പോലെ കാണപ്പെടുന്നുവെന്ന് റിപ്പോർട്ടിൽ പറയുന്നു. ഇതുവരെ കണ്ടെത്തിയതിൽ വച്ച് ഏറ്റവും പഴക്കമുള്ള പൂർണ്ണമായ മനുഷ്യ വിരലടയാളമാണിതെന്ന് വിദ?ഗ്ധർ അഭിപ്രായപ്പെട്ടു. യൂറോപ്പിലെ ഏറ്റവും പഴക്കം ചെന്ന കലാസൃഷ്ടിയായും ഈ കല്ല് കണക്കാക്കപ്പെടുന്നു. 2022 ജൂലൈയിൽ സ്പെയിനിലെ സെഗോവിയയ്ക്കടുത്തുള്ള സാൻ ലാസരോ റോക്ക് ഷെൽട്ടറിൽ നിന്നാണ് ?ഗ്രാനൈറ്റ് കല്ല് കണ്ടെത്തിയത്. ഏകദേശം 20 സെന്റീമീറ്റർ നീളമുള്ള കല്ല് ഒരു ഉപകരണമായി ഉപയോഗിച്ചതിന്റെ ലക്ഷണങ്ങൾ കാണുന്നില്ലായെന്നാണ് വിദ?ഗ്ധരുടെ അഭിപ്രായമെന്ന് റിപ്പോർട്ടിൽ പറയുന്നു. കല്ല് വളരെ അപൂർവ്വമായതാണെങ്കിലും കല്ലിലെ ചുവന്ന നിറമുള്ള വിരലടയാളമാണ് ഗവേഷകരുടെ ശ്രദ്ധ പിടിച്ചുപറ്റിയത്.




ഗുഹയിൽ സാധാരണയായി ചുവന്ന നിറത്തിലുള്ള ഒന്നും തന്നെ കാണാറില്ല. അതിനാൽ വിരലടയാളം ബോധപൂർവ്വം പതിപ്പിച്ചതാണെന്നാണ് കരുതപ്പെടുന്നത്. ചുവന്ന വിരലടയാളം മനുഷ്യന്റെ തന്നെയാണെന്നും അതൊരു പുരുഷന്റെ ആകാനാണ് സാധ്യതയെന്നുമാണ് വിദ?ഗ്ധർ കണ്ടെത്തിയിരിക്കുന്നത്. മാത്രമല്ല, മുഖത്തിന്റെ മറ്റ് ഭാ?ഗങ്ങൾ പോലെ തോന്നുന്നതിനായി കണ്ണിന്റെ സ്ഥാനത്തും ചില അടയാളങ്ങൾ കല്ലിൽ പതിപ്പിച്ചിട്ടുണ്ട്. നിയാണ്ടർത്താൽ കല്ലിൽ മുഖത്തിന് സമാനമായ ഒരു രൂപം കാണുകയും അതിനോട് പ്രതീകാത്മകമായി പ്രതികരിക്കുകയും ചെയ്തിരിക്കാമെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നതെന്നാണ് ?ഗവേഷകരുടെ കണ്ടെത്തൽ. നിറങ്ങൾ പ്രയോഗിച്ചതിലൂടെ കലാപരമായ ചിന്തയെയും പ്രതീകാത്മക പെരുമാറ്റത്തെയും കാണിക്കുന്നുവെന്നും റിപ്പോർട്ടിൽ പറയുന്നു. ആധുനിക മനുഷ്യരാണ് കല സൃഷ്ടിച്ചത് എന്ന ദീർ?ഘകാലമായി നിലനിൽക്കുന്ന ആശയത്തെയാണ് കണ്ടെത്തൽ വെല്ലുവിളിക്കുന്നത്. നിയാണ്ടർത്തലുകൾ കലാപരമായ കഴിവുകൾ പ്രകടിപ്പിച്ചിട്ടുള്ളതായി ഇതിലൂടെ വ്യക്തമാകുന്നുവെന്ന് വിദ?ഗ്ധർ അഭിപ്രായപ്പെടുന്നു. നിയാണ്ടർത്തലുകൾ വെറും പ്രാകൃത ജീവികൾ മാത്രമായിരുന്നില്ല. അവർക്ക് സങ്കീർണ്ണമായ ചിന്തകളുണ്ടായിരുന്നുവെന്നും കല്ലുകളിലെ ആകൃതികളിൽ അർത്ഥം കാണാൻ കഴിഞ്ഞിരുന്നുവെന്നും വിദ?ഗ്ധർ പറയുന്നു. ആധുനിക മനുഷ്യർ യൂറോപ്പിൽ ആധിപത്യം സ്ഥാപിക്കുന്നതിന് വളരെ മുമ്പുതന്നെ പ്രതീകാത്മക കല സൃഷ്ടിച്ചിരുന്നുവെന്നും ലഭിച്ച തെളിവുകൾ ഈ കണ്ടെത്തലിനെ പിന്തുണയ്ക്കുന്നുവെന്നും വിദഗ്ധർ ചൂണ്ടിക്കാട്ടി.

## പ്രളയമുന്നറിയിപ്പിൽ ആശങ്ക വേണ്ട; നദികളിൽ ജലനിരപ്പ് ഉയരും, പ്രളയ സാധ്യത മുന്നറിയിപ്പ് തെറ്റായി വ്യാഖ്യാനിക്കരുത്'

സംസ്ഥാനത്ത് ശക്തമായ മഴ തുടരുമ്പോൾ, കേരളത്തിൽ വീണ്ടും പ്രളയമെന്ന തരത്തിലുള്ള തലക്കെട്ടുകളാണ് മാധ്യമങ്ങളിൽ നിറയുന്നത്. കേരളത്തിലെ വിവിധയിടങ്ങളിൽ പ്രളയ സാധ്യത മുന്നറിയിപ്പുള്ളതായി ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചതായി മാധ്യമങ്ങളിലൂടെ ജനങ്ങൾക്കിടയിൽ ഭീതി ജനിപ്പിക്കുകയാണ് ചെയ്യുന്നത്. എന്നാൽ കേരളം മുൻപ് നേരിട്ട പോലൊരു പ്രളയം വരുമെന്നല്ല മുന്നറിയിപ്പിലൂടെ ഉദ്ദേശിച്ചതെന്നും നദികളിൽ ജലനിരപ്പ് ഉയരുമെന്നും നദീതീരങ്ങളിലുള്ളവർ ജാ?ഗ്രത പാലിക്കണമെന്നുമാണ്അറിയിച്ചിരിക്കുന്നതെന്നും കാലാവസ്ഥാ വിദഗ്ധൻ രാജീവ് എരിക്കുളം പ്രതികരിച്ചു. 'മുൻപുണ്ടായ പോലത്തെ പ്രളയം വരുമെന്നല്ല മുന്നറിയിപ്പ് കൊണ്ട് ഉദ്ദേശിച്ചത്. മഴ നിർത്താതെ പെയ്ത് കൊണ്ടിരിക്കുന്നതിനാൽ നദികളിൽ ജലനിരപ്പ് കൂടുതലാണ്. വരുന്ന നാല് ദിവസങ്ങളിലും മഴ ശക്തമായി തുടരാനാണ് സാധ്യത. അതിന്റെ ഭാ?ഗമായി നദീതീരങ്ങളിൽ താമസിക്കുന്നവർ ശ്രദ്ധ പാലിക്കണമെന്നാണ് മുന്നറിയിപ്പിലൂടെ അറിയിച്ചിരിക്കുന്നത്. തുടർച്ചയായി മഴ പെയ്യുമ്പോൾ നദികൾ കവിഞ്ഞൊഴുകാറുള്ളത് പതിവാണ്. നദീതീരങ്ങളിൽ വെള്ളം ഉയരാനുള്ള സാധ്യത വളരെ കൂടുതലാണ്. അതേസമയം, കേരളത്തെ മുഴുവൻ ബാധിക്കുന്ന തരത്തിൽ മറ്റൊരു 2018 ലെ പ്രളയം വരുമെന്നുള്ള ആശങ്ക വേണ്ട. എന്നാൽ മഴ വളരെ കൂടുതലാണ്. മിക്ക ജില്ലകളിലും ഓറഞ്ച്, റെഡ് അലർട്ടുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. ജനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് നിർദേശങ്ങളും നൽകുന്നുണ്ട്. അതെല്ലാം കൃത്യമായി പാലിക്കുക തന്നെ വേണം. ചില സ്ഥലങ്ങളിൽ ഡാം ചെറിയ രീതിയിൽ തുറന്നിട്ടുണ്ട്. വെള്ളത്തിന്റെ ഒഴുക്ക് വർദ്ധിച്ചിട്ടുണ്ട്. എന്നാൽ അപകടസാധ്യതയുള്ളതായി നിലവിലെ അവസ്ഥ മാറിയിട്ടില്ല', രാജീവ് എരിക്കുളം ് പറഞ്ഞു. കോട്ടയം ജില്ലയിലെ മീനച്ചിൽ, കോഴിക്കോട് ജില്ലയിലെ കോരപ്പുഴ, പത്തനംതിട്ട ജില്ലയിലെ അച്ചൻകോവിൽ, മണിമല എന്നീ നദികളിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ വാമനപുരം, കണ്ണൂർ ജില്ലയിലെ പെരുമ്പ, മലപ്പുറം ജില്ലയിലെ ഭാരതപ്പുഴ, കാസർകോട് ജില്ലയിലെ ഉപ്പള, വയനാട് ജില്ലയിലെ കബനി എന്നീ നദികളിൽ മഞ്ഞ അലർട്ട് നിലനിൽക്കുകയാണ്. ഈ നദികളുടെ കരയിലുള്ളവർ ജാഗ്രത പാലിക്കാനാണ് നിർദേശം. മെയ് 24 ന് ആരംഭിച്ച കാലവർഷം കേരളത്തിൽ ശക്തിപ്രാപിക്കുകയാണ്. യാതൊരു കാരണവശായും നദികളിലിറങ്ങാനോ നദി മുറിച്ച് കടക്കാനോ പാടില്ലായെന്നും മഴ തുടരുമെന്നും മുന്നറിയിപ്പിലുണ്ട്. കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകളിൽ റെഡ് അലർട്ടാണ് പ്രഖ്യാപിച്ചിരിക്കുന്നത്. എട്ട് ജില്ലകളിൽ ഓറഞ്ച് അലേർട്ടുണ്ട്. കാസർഗോഡ്, മലപ്പുറം, പാലക്കാട്,തൃശൂർ,ഇടുക്കി, എറണാകുളം, കോട്ടയം, പത്തനംതിട്ട,ജില്ലകളിൽ ഓറഞ്ച് അലർട്ട് ആണ് പ്രഖ്യാപിച്ചിരിക്കുന്നത്. കേരളത്തിൽ കാലവർഷം പതിവിലും നേരത്തെയാണ് എത്തിയിരിക്കുന്നത്. സാധാരണയുള്ളതിലും എട്ട് ദിവസം മുൻപാണ് സംസ്ഥാനത്ത് മഴ എത്തിയിരിക്കുന്നത്. കഴിഞ്ഞ വർഷം മെയ് 30 നായിരുന്നു കാലവർഷം ആരംഭിച്ചത്. 16 വർഷത്തിനിടയിൽ ഇതാദ്യമാണ് കാലവർഷം നേരത്തെയെത്തുന്നത്.



RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran, Executive Editor: K. R. Krishna Kumar,News Editor : T . K Chithra (Responsible for selection of news under PRB Act 1867). Phone: 0484-4865460. E-mail: centraldesknews@gmail.com